# അപ്പൊസ്തലനായ പൗലൊസ്
# ഫിലിപ്പിയർക്ക് എഴുതിയ ലേഖനം

## മുഖവുര

അപ്പൊസ്തലനായ പൗലൊസ് എഴുതിയ നാല് കാരാഗൃഹലേഖനങ്ങളിൽ ഒടുവിലത്തേതാണ് ഫിലിപ്പ്യലേഖനം. പൗലൊസ് യൂറോപ്പിൽ ആദ്യമായി സുവിശേഷഘോഷണം നടത്തിയത് ഇവിടെയാണ്. തന്റെ രണ്ടാം മിഷനറിയാത്രയിൽ ഈ സഭ സ്ഥാപിക്കപ്പെട്ടു. ഫിലിപ്പ്യയിൽനിന്നും എപ്പഫ്രൊദിത്തൊസിന്റെ കൈവശം തക്കസമയത്ത് കൊടുത്തയച്ച ഒരു ഔദാര്യദാനം സ്വീകരിച്ചുകൊണ്ട് അവർക്കെഴുതിയ നന്ദിയുടെ വാക്കുകളാണ് ഈ ലേഖനം. കൂടാതെ ക്രിസ്തീയ ഐക്യത്തിന് ആഹ്വാനം നൽകുന്ന ലേഖനം കൂടിയാണിത്. സ്വന്ത അനുഭവങ്ങളെ വെളിപ്പെടുത്തുന്നതും കൃതജ്ഞതാനിർഭരവും സ്നേഹം തുളുമ്പുന്നതുമായ ഈ ലേഖനത്തെ ഹൃദയത്തിന്റെ ലേഖനം എന്ന് ചിലർ വിശേഷിപ്പിക്കുന്നു.

**ചരിത്രപശ്ചാത്തലം:** മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ പിതാ വായ ഫിലിപ്പ് രാജാവ് ബി.സി. 353-ൽ ഈ പട്ടണം പിടിച്ചടക്കി. അതിന് തന്റെ പേർ നൽകി. പിന്നീട് റോമർ അത് കൈവശപ്പെടുത്തി. റോമൻ കൈസറായിരുന്ന ഔഗസ്തോസ് ഇതിനെ ഒരു റോമൻ പട്ടാളകേന്ദ്രമായി രൂപാന്തര പ്പെടുത്തി. പൗലൊസിനു ലഭിച്ച മക്കെദോന്യവിളി അനുസരിച്ച് യൂറോപ്പിൽ ആദ്യമായി സുവിശേഷഘോഷണം ഇവിടെയുണ്ടായി. തൽഫലമായി ലുദിയയും, കാരാഗൃഹപ്രമാണിയും കുടുംബവും രക്ഷിക്കപ്പെട്ടു. പൗലൊസ് തന്റെ മൂന്നാം മിഷനറിയാത്രയിൽ ഇവിടം സന്ദർശിച്ചിരുന്നു (പ്രവൃ. 20:1). ഈ ലേഖനം എഴുതുമ്പോൾ അവിടെ ഒരു നല്ല സ്ഥലംസഭ സ്ഥാപിക്കപ്പെട്ടിരുന്നു എന്നും ലേഖനമുഖവുര വ്യക്തമാക്കുന്നു. ലേഖനം വിശുദ്ധന്മാരെയും, അദ്ധ്യക്ഷന്മാരെയും (മൂപ്പന്മാർ), ശുശ്രൂഷകന്മാരെയും അഭിസംബോധന ചെയ്യുന്നതു ശ്രദ്ധേയമത്രെ. എ.ഡി. 51-ൽ ഈ സ്ഥലംസഭ സ്ഥാപിക്കപ്പെട്ടു എന്നു കരുതുന്നു. ഏകദേശം പത്ത് വർഷങ്ങൾക്കു ശേഷം ഈ ലേഖനം എഴുതിയെന്ന് വിശ്വസിക്കുന്നു. പൗലൊസാണ് ലേഖന കർത്താവ്.

**ലക്ഷ്യം:** തനിക്കു നൽകിയ സാമ്പത്തിക സഹായത്തിന് നന്ദിപറയുക, സാഹചര്യമെന്തായാലും യഥാർത്ഥ ക്രിസ്തീയ സന്തോഷം ക്രിസ്തുവിനോടുള്ള ബന്ധം മൂലമേ ലഭിക്കുകയുള്ളൂ എന്നും പ്രബോധിപ്പിക്കുക, ഭിന്നത വെടിഞ്ഞ് സുവിശേഷഘോഷണം നടത്തുവാൻ ആഹ്വാനം നൽകുക, ക്രിസ്തുവിന്റെ ത്യാഗമനോഭാവം മാതൃകയാക്കുവാൻ ഉപദേശിക്കുക. ക്രിസ്തുശാസ്ത്രപരമായി വളരെ പ്രാധാന്യമുള്ള ലേഖനമാണിത്. പൗലൊസിന്റെ ജീവിതം ക്രിസ്തുവിന് സമർപ്പിക്കപ്പെട്ടതായിരുന്നു (ഫിലി. 1:21). ക്രിസ്തുവിന്റെ മാതൃക അനുഗമിക്കുവാൻ താൻ ആഗ്രഹിച്ചു (ഫിലി. 2:5). ക്രിസ്തുവിനെ ആഴമായി അറിയുകയും അവനോട് കൂട്ടായ്മ പുലർത്തുകയുമായിരുന്നു പൗലൊസിന്റെ ജീവിതലക്ഷ്യം (ഫിലി. 3:7). തനിക്കു ശുശ്രൂഷയ്ക്കു ശക്തി നൽകുവാൻ ക്രിസ്തു മതിയായവൻ എന്നുള്ള ബോധ്യവും പൗലൊസിനുണ്ടായിരുന്നു (ഫിലി. 4:13). കർത്താവിനോടുള്ള അഭേദ്യമായ ബന്ധവും ദൈവജനവുമായുള്ള സഹകരണവും പൗലൊസിനെ കർത്താവിൽ സന്തോഷിക്കുന്നവനാക്കി. ഈ ലേഖനത്തിൽ ക്രിസ്തുവിൽ വിളങ്ങിയ താഴ്മയും, മഹത്വവും മറനീക്കി കാണിക്കുന്നു. വിപരീത സാഹചര്യങ്ങളിൽ കഴിയുന്ന ദൈവജനത്തിന് സന്തോഷവും പ്രത്യാശയും ഈ ലേഖനപഠനം പ്രദാനംചെയ്യുമെന്നുള്ളതിന് സംശയമില്ല. പൗലൊസിന്റെ ജീവിതം അതിന്റെ ഉത്തമമാതൃക യായി നൽകിയിരിക്കുന്നു. കാരാഗൃഹത്തിലും പൗലൊസ് സന്തോഷിക്കുന്ന വനായിരുന്നു. അവിടെയും അവൻ സുവിശേഷഘോഷണത്തിൽ കൂട്ടായ്മ അനുഭവിച്ചു. അതിനെക്കുറിച്ചുള്ള വിശദീകരണം നാം ഒന്നാം അദ്ധ്യായം ഒന്നു മുതൽ പതിനൊന്നുവരെയുള്ള വാക്യങ്ങളിൽ കാണുന്നു. രണ്ടാമതായി തന്റെ കാരാഗൃഹവാസം സുവിശേഷത്തിന്റെ അഭിവൃദ്ധിക്കും മുഖാന്തരമായിത്തീർന്നു (ഫിലി. 1:12-26). മൂന്നാമതായി അതു സുവിശേഷത്തിൽ വിശ്വസിക്കുന്നവരുടെ നിലനിൽപ്പിനും സഹായമായി ഭവിച്ചു (ഫിലി. 1:27-30).

ഈ ലേഖനത്തിൽ സുവിശേഷഘോഷണത്തിലുള്ള കൂട്ടായ്മയെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട് (ഫിലി. 1:5). കൂടാതെ ആത്മാവിന്റെ കൂട്ടായ്മയെക്കുറിച്ചും കാണാം (ഫിലി. 2:1). മൂന്നാമതായി ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെക്കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നു (ഫിലി. 3:11). നാലാമതായി ഫിലിപ്പ്യയിലുള്ള സഭ പൗലൊസിന് സുവിശേഷപ്രവർത്തനത്തിൽ സാമ്പത്തിക കൂട്ടായ്മ കാണിച്ചിരുന്നതായും കാണാം (ഫിലി. 4:15). കർത്താവിനോടുള്ള സ്നേഹവും ഭക്തിയും കർത്താവിന്റെ വേലയിൽ പങ്കുകാരാകുവാൻ അവരെ സഹായിച്ചു. ക്രിസ്തുവിനോട് ബന്ധമില്ലാത്തവർക്ക് ക്രിസ്തീയ കൂട്ടായ്മ മനസ്സിലാക്കുവാൻ കഴിയുന്നതല്ല. പ്രതികൂല സാഹചര്യ ങ്ങൾ യഥാർത്ഥത്തിൽ കൂട്ടായ്മയ്ക്കു ശക്തി നൽകുന്നതായിരിക്കും. ക്രിസ്തുവിലുള്ള സന്തോഷം പൂർണ്ണമാകുവാൻ ആത്മിക കൂട്ടായ്മ ഒഴിച്ചു കൂടാത്തതാകുന്നു.

ഒരു മാതൃകാസഭയ്ക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകളെക്കുറിച്ചും ഈ ലേഖനത്തിൽ കാണാവുന്നതാണ്.

സമ്പൂർണ്ണത പ്രാപിച്ച ഒരു സഭയും ഇന്നില്ല. എന്നാൽ പൂർണ്ണതയിലേക്ക് വളർന്നുകൊണ്ടിരിക്കുന്ന അനുഭവം ദൈവ സഭയ്ക്ക് ഉണ്ടായിരിക്കേണ്ടതാണ്. സഭ വിശുദ്ധന്മാരുടെ സമൂഹമാകുന്നു. ഈ സത്യം ലേഖനമുഖവുരയിൽ തന്നെ വ്യക്തമാക്കിയിരിക്കുന്നു. പൗലൊസ് ഫിലിപ്പ്യയിൽ പ്രവർത്തിച്ചതിന്റെ ഫലമായി ചില വ്യക്തികൾ രക്ഷിക്കപ്പെട്ടു. ഏകദേശം പത്ത് വർഷങ്ങൾക്ക് ശേഷമാണ് ഈ ലേഖനം താൻ അവർക്ക് റോമിലുള്ള കാരാഗൃഹത്തിൽനിന്നും എഴുതുന്നത്. ഇപ്പോൾ ഫിലിപ്പ്യയിലെ സഭ വളർന്നു പക്വത വന്ന ഒരു സഭയായിത്തീർന്നിരിക്കുന്നു എന്ന സത്യം ഒന്നാം വാക്യത്തിൽ തന്നെ വ്യക്തമായി കാണാം. ഇവിടെ വിശ്വാസികളെ വിശുദ്ധന്മാരെന്നും സംബോധന ചെയ്തിരിക്കുന്നു. കൂടാതെ ഇന്നു സഭയിൽ അദ്ധ്യക്ഷന്മാരും ശുശ്രൂഷകന്മാരും ഉണ്ട്. ഇത് ഒരു വളരുന്ന സഭയായിരുന്നു. ആത്മീയമായി വളരുന്ന സഭ സംഖ്യയിലും വളർന്നുകൊണ്ടിരിക്കും. വളരാത്ത സഭ തളർന്നുപോകും എന്നുള്ളതിന് സംശയമില്ല. കർത്താവ് തന്റെ സഭയെക്കുറിച്ച് ആഗ്രഹിക്കുന്നത് അത് വളരണം എന്നത്രെ. ഒന്നാം നൂറ്റാണ്ടിലുള്ള സഭ വളരുന്ന സഭയായിരുന്നു. പത്രൊസിന്റെ ആദ്യപ്രസംഗം കേട്ട് മൂവായിരം പേർ രക്ഷിക്കപ്പെട്ട് അപ്പൊസ്തലന്മാരോട് ചേർന്നു (പ്രവൃ. 2:41). തുടർന്നു കർത്താവ് രക്ഷിക്കപ്പെട്ടവരെ ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു (പ്രവൃ. 2:47). അനവധി പുരുഷന്മാരും സ്ത്രീകളും കർത്താവിൽ വിശ്വസിച്ചു സഭയോട് ചേർന്നു (പ്രവൃ. 5:14). അപ്പൊസ്തല പ്രവൃത്തികൾ 6:1-ൽ കാണുന്നത്, ശിഷ്യന്മാർ പെരുകിവന്നു എന്നത്രെ. 6:7-ൽ കാണുന്നത് "ദൈവവചനം പരന്നു, യെരൂശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരുകി" എന്നാകുന്നു. ക്രിസ്തുവിനു പ്രഥമ സ്ഥാനം നൽകുന്ന സഭ വളരുന്ന സഭയായി രിക്കും. അവിടെ ദൈവമക്കൾ അന്യോന്യം സ്നേഹിക്കുന്നവരും ദൈവവചനം അനുസരിക്കുന്നവരും ആകും. സുവിശേഷഘോഷണത്തിൽ ഉത്സാഹമുള്ള സഭകൾക്കു മാത്രമേ ആത്മാക്കളെ ക്രിസ്തുവിലേക്ക് ആകർഷിക്കുവാൻ കഴികയുള്ളൂ. നമ്മുടെ സഭകളുടെ സ്ഥിതി ഒന്നു പരിശോധിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 1

### വന്ദനം (1:1,2)

പൗലൊസും തിമൊഥെയൊസും ഫിലിപ്പ്യയിലുള്ള സഭയ്ക്ക് തങ്ങളെ പരിചയപ്പെടുത്തുന്ന വിധം ശ്രദ്ധേയമത്രെ. അവർ ക്രിസ്തുയേശുവിന്റെ ദാസന്മാരാകുന്നു. പൗലൊസും തിമൊഥെയൊസും ഫിലിപ്പ്യർക്ക് സുപരിചിതരായിരുന്നു. അവർക്ക് പൗലൊസിനോടും അവന്റെ പ്രവർത്തനങ്ങളോടും അഭേദ്യമായ ബന്ധമുണ്ട്. പൗലൊസിന്റെ അപ്പൊസ്തലിക പദവി അവർ ഒരിക്കലും ചോദ്യം ചെയ്തിട്ടില്ല. അതുകൊണ്ട് ഇതര ലേഖനങ്ങളിൽ കാണുന്ന വിധം താൻ അപ്പൊസ്തലനാണെന്ന് സൂചിപ്പിക്കേണ്ട ആവശ്യം ഈ ലേഖന മുഖവുരയിൽ ഉണ്ടായിരുന്നില്ല. ദാസനെന്ന വാക്കുകൊണ്ടുള്ള ആശയം അടിമദാസൻ എന്നാകുന്നു. യജമാനൻ വില കൊടുത്തു വാങ്ങിയ സ്വത്ത് എന്ന ആശയമാണ് ഇവിടെ കാണുന്നത്. യജമാനനെ സേവിക്കുവാൻ ഉത്തരവാദിത്വമുള്ളവനാണ് അടിമദാസൻ. യജമാനനോടുള്ള സ്നേഹം അതിന് അവനെ നിർബന്ധിക്കുന്നു എന്ന ആശയവും ഇതിനുണ്ട്. യജമാനന്റെ സംരക്ഷണം ദാസന്മാർക്ക് എന്നും ഉണ്ട്. എല്ലാ വിശ്വാസികളും ക്രിസ്തുവിന്റെ ദാസന്മാരാകുന്നു. അവർ ക്രിസ്തുവിനാൽ വിലയ്ക്കു വാങ്ങപ്പെട്ടവരും അവനെ സേവിക്കുവാൻ കടപ്പെട്ടവരുമത്രെ (1 കൊരി. 6:19).

ക്രിസ്തുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെട്ട എല്ലാ വിശ്വാസികളും ദൈവദൃഷ്ടിയിൽ വിശുദ്ധന്മാരാണ്. ഇവിടെ വിശുദ്ധന്മാർ എന്ന വാക്കുകൊണ്ടുള്ള ആശയം ദൈവത്തിനുവേണ്ടി വേർതിരിക്കപ്പെട്ടവർ എന്നാകുന്നു. അല്ലാതെ അവർ പാപരഹിതരായ പരിശുദ്ധരാണെന്നുള്ള ആശയം ഇതിനില്ല. ദൈവിക ശുശ്രൂഷകൾക്കുവേണ്ടി ദൈവത്താൽ വേർതിരിക്കപ്പെട്ടവർ ദൈവത്തോട് നന്ദിയും ഭക്തിയും ഉള്ളവരായിരിക്കണം. നാം വിശുദ്ധന്മാരാകുന്നത്, മരണശേഷം അത്ഭുതപ്രവൃത്തികൾ ചെയ്തതു മൂലവുമല്ല പ്രത്യുത, കൃപയാൽ ദൈവം ഇന്ന് നമുക്ക് ക്രിസ്തുവിൽ നൽകുന്ന സ്ഥാനവും പദവിയുമാണ്. പ്രായോഗിക ജീവിതത്തിൽ ഇന്നു നാം രക്ഷിക്കപ്പെട്ട പാപികൾ മാത്രമാകുന്നു. ഈ അറിവ് നമ്മെ കർത്താവിനെ സ്നേഹിക്കുവാനും സേവിക്കുവാനും പ്രേരിപ്പിക്കേണ്ട ചിന്തകളാണ്. ക്രിസ്തുവിലായവർക്കുള്ള പദവിയത്രെ ഇത്. ക്രിസ്തുവിലെന്ന ആശയം പുതിയനിയമസഭയോടുള്ള ബന്ധത്തിൽ വളരെ പ്രാധാന്യമുള്ളതാണ്. രക്ഷിക്കപ്പെട്ടവർ പരിശുദ്ധാത്മസ്നാനം മൂലം ക്രിസ്തുവിലായവർ ആകുന്നു (1 കൊരി. 12:13).

ഫിലിപ്പ്യയിലുള്ള പ്രാദേശിക സഭയിൽ വിശുദ്ധന്മാരും, അദ്ധ്യക്ഷന്മാരും, ശുശ്രൂഷകന്മാരും ഉണ്ടായിരുന്നു. ദൈവജനത്തെ പരിപാലിക്കുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടവരത്രെ അദ്ധ്യക്ഷന്മാരും, ശുശ്രൂഷകന്മാരും. സാർവ്വത്രികമായി രക്ഷിക്കപ്പെട്ട വിശുദ്ധന്മാരുടെ സംഘത്തെ സാർവ്വത്രിക സഭ എന്ന് വിളിക്കുന്നു. എന്നാൽ ഒരു പ്രദേശത്ത് കൂടിവന്ന് ദൈവത്തെ ആരാധിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന രക്ഷിക്കപ്പെട്ടവരുടെ സമൂഹമത്രെ പ്രാദേശിക സഭ. ഫിലിപ്പ്യസഭ ഒരു പ്രാദേശിക സഭയായിരുന്നു. അവിടെയുള്ള രക്ഷിക്കപ്പെട്ട ദൈവജനം വിശുദ്ധന്മാരാണ്. അവർ ദൈവത്തിനുവേണ്ടി മാനപാത്രങ്ങളായി ഉപയോഗിക്കപ്പെടുവാൻ വേർതിരിക്കപ്പെട്ടവരത്രെ. ഈ അറിവ് കർത്താവിനെ സ്നേഹിക്കുവാനും, സേവിക്കുവാനും നമുക്ക് കൂടുതൽ ആവേശം പകരുമാറാകട്ടെ.

ഫിലിപ്പ്യസഭയിൽ അദ്ധ്യക്ഷന്മാരും, ശുശ്രൂഷകന്മാരും ഉണ്ടായിരുന്നു. ഒരു അദ്ധ്യക്ഷൻ ഒരു പ്രാദേശിക സഭയ്ക്ക് എന്ന സമ്പ്രദായം ആദ്യസഭയിൽ ഉണ്ടായിരുന്നില്ല. അവർ സഭയ്ക്കു നൽകപ്പെട്ട ദാനങ്ങളായിരുന്നു.

വിശ്വാസികളിലെ ആത്മിക ക്ഷേമമറിഞ്ഞ് അവരെ ശുശ്രൂഷിക്കുവാൻ അവർ നിയോഗിതരാണ്. ദൈവം ആണ് മൂപ്പന്മാരെ നിയോഗിക്കുന്നത് (പ്രവൃ. 20:28). ആദിമസഭയിൽ അപ്പൊസ്തലന്മാരും അവരുടെ പ്രതിനിധികളും, സഭയിൽ മൂപ്പന്മാരെ നിയമിച്ചിരുന്നു (പ്രവൃ. 14:23, തീത്തൊ. 1:5). അവർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ മനസ്സിലാക്കുവാൻ ദൈവാത്മനിയോഗം അന്ന് അപ്പൊസ്തലന്മാർക്കുണ്ടായിരുന്നു. അന്ന് പുതിയനിയമ ലേഖനങ്ങൾ ഉണ്ടായിരുന്നില്ല. ഇന്ന് ഒരു സഭാമൂപ്പന് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ നാം 1 തിമൊ. 3:1–7 വരെയുള്ള വാക്യങ്ങളിൽ വ്യക്തമായി കാണുന്നു. അദ്ധ്യക്ഷൻ, മൂപ്പൻ, ഇടയൻ എന്നീ പേരുകളിൽ സഭാപരിപാലകന്മാർ അറിയപ്പെടുന്നു. വിശ്വാസികളെ ദുരുപദേശങ്ങളിൽനിന്നും കാത്തുപാലിക്കുവാൻ അവർക്ക് കഴിയണം. കൂടാതെ തെറ്റുതിരുത്തുക, ശാസിക്കുക, പ്രബോധിപ്പിക്കുക, ആശ്വസിപ്പിക്കുക, ജീവിതത്തിൽക്കൂടി മാതൃക കാട്ടുക തുടങ്ങിയ ശുശ്രൂഷകളും അവർ ചെയ്യേണ്ടതാകുന്നു. മാനുഷിക യോഗ്യതകൾ മൂപ്പന്മാരാകുവാനുള്ള അനുവാദമല്ല. പ്രത്യുത, ദൈവം നിയമിച്ച മൂപ്പന്മാരെ അറിഞ്ഞ് അംഗീകരിക്കുകയും അവർക്കു കീഴ്പ്പെട്ടിരിക്കുകയും ചെയ്യുവാനുള്ള ഉത്തരവാദിത്വം എല്ലാ വിശ്വാസികൾക്കും ഉള്ളതാകുന്നു (എബ്രാ. 13:17).

ഓരോ പ്രാദേശിക സഭയ്ക്കും ശുശ്രൂഷകന്മാരെ കർത്താവ് നിയമിച്ചിരി ക്കുന്നു എന്നുള്ളതും സത്യമാണ്. സഭയുടെ ഭൗതിക ആവശ്യങ്ങൾ ചെയ്യുവാനുള്ള ഉത്തരവാദിത്വം അവർക്കുള്ളതാകുന്നു. ആദിമസഭയിൽ മേശകളിൽ ശുശ്രൂഷിക്കുവാൻ സഭ ശുശ്രൂഷകന്മാരെ തിരഞ്ഞെടുത്തു (പ്രവൃ. 6:1–6). അവർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ നാം 1 തിമൊ. 3:8–13 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. അവർ വിശ്വാസവും, പരിശുദ്ധാത്മനിറവും, ഉത്സാഹവും ഉള്ളവർ ആയിരിക്കണം. ഒരു മാതൃകാ സഭ വിശുദ്ധന്മാരും അദ്ധ്യക്ഷ ന്മാരും ശുശ്രൂഷകന്മാരും ചേർന്ന സമൂഹമാകുന്നു. ക്രിസ്തുവിന്റെ മഹത്വം ഒരു സഭയുടെ ലക്ഷ്യമായിരിക്കണം. കർത്താവ് സഭയുടെ തലയാകുന്നു. ഇന്ന് ചില സഭകളിൽ നടക്കുന്നത് തികച്ചും ദുഃഖകരമാണ്. മാനുഷിക യോഗ്യത കൾ നോക്കി മൂപ്പന്മാരെ അംഗീകരിക്കുന്നു. സഭകളിൽ ശുശ്രൂഷകന്മാർ ഭരണവും, കമ്മിറ്റിഭരണവും നടത്തുന്നു. ഭൂരിപക്ഷം നോക്കി ജനായത്തഭരണസമ്പ്രദായത്തിൽ തീരുമാനം എടുക്കുന്നു. ദൈവവചനത്തിന് നൽകേണ്ട പ്രാധാന്യം ഇന്ന് സഭകളിൽ നൽകുന്നില്ല. ദൈവജനമേ, നമുക്ക് അനുതപിക്കാം, കർത്താവിങ്കലേക്ക് മടങ്ങിവരാം. ദൈവം നമ്മെ അതിന് സഹായിക്കട്ടെ.

### പൗലൊസിന്റെ പ്രാർത്ഥന (1:3–11)

പൗലൊസിന്റെ കാരാഗൃഹവാസത്തിലും മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്തിയിരുന്നു. പ്രാർത്ഥന ആത്മീയജീവിതത്തിലെ ശ്വാസോച്ഛ്വാസം ആകുന്നു. പ്രാർത്ഥനാരഹിതൻ ശക്തിഹീനൻ ആയിരിക്കും. പ്രാർത്ഥനയിൽ അപേക്ഷയും സ്തോത്രവും ഉൾക്കൊണ്ടിരിക്കുന്നു. പൗലൊസ് ഫിലിപ്പ്യ വിട്ടിട്ടു പത്തു വർഷങ്ങൾ കഴിഞ്ഞു. ഇന്നു താൻ സുവിശേഷത്തിന്റെ സാക്ഷ്യം നിമിത്തം തടവുകാരനായിരിക്കുന്നു. എങ്കിലും ഫിലിപ്പ്യയിലുള്ള വിശ്വാസികളെക്കുറിച്ചുള്ള ഓർമ്മ നിമിത്തം ദൈവത്തെ സ്തുതിക്കയും ദൈവത്തിനു സ്തോത്രം ചെയ്യുകയും ചെയ്യുന്നു. കൂടാതെ അവർക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഫിലിപ്പ്യർ പൗലൊസിനോടു സുവിശേഷഘോഷണത്തിൽ പങ്കാളികൾ ആയിരുന്നു. എല്ലാവർക്കുവേണ്ടി യും പ്രാർത്ഥിക്കുവാൻ പൗലൊസിനു കഴിഞ്ഞിരുന്നു. ഫിലിപ്പ്യരിൽ കർത്താവ് ആരംഭിച്ച നല്ല പ്രവൃത്തി തികയ്ക്കും എന്നുള്ള ഉറപ്പോടു കൂടി അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ പൗലൊസിനു കഴിഞ്ഞിരുന്നു. വിശ്വാസികളുടെ ആത്മരക്ഷയിലും വിശുദ്ധജീവിതത്തിലും കർത്തൃസേവനത്തിലും ദൈവം അവരെ പ്രാപ്തരാക്കുവാൻ വിശ്വസ്തനാകുന്നു എന്ന് തനിക്ക് ഉറപ്പുണ്ടായിരുന്നു. പൗലൊസിന്റെ ബന്ധനത്തിലും സുവിശേഷത്തിന്റെ പ്രതിവാദത്തിലും സ്ഥിരീകരണത്തിലും ഫിലിപ്പ്യർ പങ്കാളികളായിരുന്നു. ഈ ചിന്തകൾ അവരെ കാണുവാൻ പൗലൊസിനെ നിർബന്ധിച്ചുകൊണ്ടിരുന്നു. സുവിശേഷഘോഷണത്തിൽ ഏർപ്പെടുന്നവർ അതിനെ എതിർക്കുന്ന ആശയങ്ങളോടു പ്രതിവാദം ചെയ്യുന്നവർ ആയിരിക്കണം. എന്നാൽ വ്യക്തിവൈരാഗ്യം പുലർത്തുന്നവർ ആകരുത്. കൂടാതെ സുവിശേഷത്തിന്റെ വ്യാപ്തിക്കും സ്ഥിരീകരണത്തിനും നമ്മാൽ ആവോളം ഉത്സാഹിക്കുന്നവർ ആയിരിക്കണം. ഫിലിപ്പ്യയിലുള്ള സഭയ്ക്ക് ഈ സവിശേഷതകൾ ഉണ്ടായിരുന്നു.

പൗലൊസിന്റെ ഹൃദയം ഫിലിപ്പ്യയിലുള്ള വിശ്വാസികളെക്കുറിച്ചുള്ള ചിന്തകളാലും ഓർമ്മകളാലും നിറഞ്ഞിരുന്നു. നാം രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതിന്റെ ഒരു തെളിവാകുന്നു ഇത്. നാം ദൈവമക്കളെ സ്നേഹിക്കുന്നവർ ആണോ എന്ന് ഒന്നു പരിശോധിക്കാം (1 യോഹ. 3:14). അങ്ങനെയുള്ള വർക്കു മറ്റുള്ളവരെക്കുറിച്ചു കരുതലും, അവരോടു ക്ഷമിക്കുവാൻ മനസ്സും, അവരുടെ ദോഷം കണക്കിടാത്ത ഹൃദയം ഉള്ളവരും ആകുവാൻ കഴിയും (1 പത്രൊ. 4:8; 1 കൊരി. 13:5). പൗലൊസ് ഫിലിപ്പ്യരുടെ ആത്മിക വളർച്ചയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതായി കാണാം. തന്നെ സ്നേഹിക്കുന്നവർ ആക ണം എന്നു പ്രാർത്ഥിക്കുന്നില്ല. പ്രത്യുത ഫിലിപ്പ്യരുടെ മറ്റുള്ളവരോടുള്ള നിസ്വാർത്ഥ സ്നേഹം പരിജ്ഞാനത്തിലും സകല വിവേകത്തിലും മേൽക്കുമേൽ വർദ്ധിച്ചുവരണം എന്നായിരുന്നു. ദൈവത്തിന്റെ ജ്ഞാനം അനാദിയായിട്ടുള്ളതും പരിപൂർണ്ണവുമാണ്. അത് അനുദിനജീവിതത്തിൽ അനുഭവിച്ചറിയുവാൻ ദൈവാത്മാവിന്റെ സഹായം ആവശ്യമാകുന്നു. അവർക്കു മാത്രമേ നന്മതിന്മകളെ വിവേചിക്കുവാൻ കഴിയുകയുള്ളൂ. ആത്മികവിവേകംകൊണ്ടു സാധിക്കേണ്ടതും അതാണ്. ആത്മിക വളർച്ച പ്രാപിക്കുമ്പോൾ അതു സാധി ക്കും എന്നത്രെ കാണുന്നത് (എബ്രാ. 5:13,14). പരിജ്ഞാനരഹിതമായ ആത്മിക ആവേശം അപകടകരമാകുന്നു (റോമർ 10:2).

ദൈവമക്കൾ ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ നില്ക്കുവാൻ പ്രാപ്തിയുള്ളവർ ആകണം എന്നും പൗലൊസ് പ്രാർത്ഥിക്കുന്നു. പ്രതിഫലം ലഭിക്കുന്ന സ്ഥലം ആകുന്നു അത് (2 കൊരി. 5:10; 1 യോഹ. 2:28). നാം നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും ആയിരിക്കണം. ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ കലർപ്പില്ലാത്തവരും സഹോദരന്മാർക്ക് ഇടർച്ച വരുത്താത്തവരും ആകണം എന്നത്രെ ഇവിടെ സൂചിപ്പിക്കുന്നത്. കൂടാതെ നാം നീതി ഫലം നിറഞ്ഞവരാകണം എന്നും പൗലൊസ് പ്രാർത്ഥിക്കുന്നു. ക്രിസ്തുവിനോടുള്ള ബന്ധത്തിൽ മാത്രമേ നാം ഫലസമൃദ്ധി ഉള്ളവർ ആകയുള്ളൂ (യോഹ. 15). നീതി നിറഞ്ഞതും, ആത്മാക്കളെ നേടുന്നതും, വിശുദ്ധജീവിതം നയിക്കുന്നതും, സൽപ്രവൃത്തികൾ ചെയ്യുന്നതും, ദൈവത്തിനു സ്തോത്രം അർപ്പിക്കുന്നതും ക്രിസ്തുവിനുവേണ്ടി ഫലം പുറപ്പെടുവിക്കുന്ന അനുഭവങ്ങൾ ആകുന്നു (റോമർ 1:13; 6:22; കൊലൊ. 1:10; എബ്രാ. 13:15). ഇതിന്റെ ഒക്കെയും അന്തിമ ഉദ്ദേശം ദൈവത്തിന്റെ മഹത്വവും പുകഴ്ചയും ആയിരിക്കണം.

പ്രാർത്ഥനയിൽ നാം ശ്രദ്ധിക്കേണ്ട വിഷയങ്ങളാണ് പൗലൊസ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. നാം എല്ലാവർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നവരാണോ? സന്തോഷത്തോടെ പ്രാർത്ഥിക്കുന്നുവോ? സ്തോത്രവും സ്തുതിയും അപേക്ഷയും നമ്മുടെ പ്രാർത്ഥനയിൽ ഉണ്ടോ? കർത്താവിലുള്ള ഉറപ്പോടും ആശ്രയത്തോടും കൂടെ നാം പ്രാർത്ഥിക്കുന്നവരാണോ? ദൈവജനത്തോടുള്ള സ്നേഹവും ആർദ്രതയും നിറഞ്ഞ പ്രാർത്ഥനയാണോ നമ്മുടേത്? മറ്റുള്ളവരുടെ ആത്മികവളർച്ചയും ശുശ്രൂഷകളും ഫലകരമാകുവാൻ നാം പ്രാർത്ഥിക്കുന്നവരാണോ? ദൈവമഹത്വമാണോ നമ്മുടെ പ്രാർത്ഥനയുടെ ഉദ്ദേശം? നമുക്ക് ഒരു സ്വയപരിശോധന നടത്താം.

## സുവിശേഷത്തിന്റെ അഭിവൃദ്ധിയിൽ സന്തോഷിക്കുന്ന പൗലൊസ് (1:12-18)

പൗലൊസ് റോമിലെ തടവറ ഒരു സുവിശേഷ ആലയമാക്കി രൂപാന്തര പ്പെടുത്തി. റോമിൽ സുവിശേഷം അറിയിക്കണം എന്നുള്ള തീവ്രമായ ആഗ്രഹം തനിക്കുണ്ടായിരുന്നു (പ്രവൃ. 19:21; റോമർ 1:15). ആ ആഗ്രഹം ദൈവം സാധിപ്പിച്ചുകൊടുത്തു. കൊട്ടാരത്തിലാകട്ടെ കാരാഗൃഹത്തിലാകട്ടെ പൗലൊസിനു സുവിശേഷഘോഷണം ഒരുപോലെയായിരുന്നു. ഒരു തടവുകാരനായിട്ടാണ് പൗലൊസ് റോമിൽ എത്തുന്നത്. അതിനു മുമ്പായി യെഹൂദന്മാരാലുള്ള ആക്രമണം, വധിക്കുവാനുള്ള ഗൂഢാലോചന, നീതിരഹിതമായ കുറ്റപ്പെടുത്തൽ, കപ്പൽച്ചേതം തുടങ്ങിയ അനുഭവങ്ങളും തനിക്കുണ്ടായി. എന്നാൽ ഇതൊക്കെയും സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായിത്തീർന്നു എന്നത്രെ പൗലൊസ് സാക്ഷിക്കുന്നത്. തന്റെ ബന്ധനങ്ങൾ ക്രിസ്തു നിമിത്തമാണെന്നും താൻ ദൈവഹിതത്തിനു ശുശ്രൂഷ ചെയ്യുന്നവനാണെന്നുമുള്ള നിശ്ചയം പ്രതികൂലസാഹചര്യങ്ങളിലും കർത്താവിന്റെ സാക്ഷി ആകുവാൻ പൗലൊസിനെ ശക്തീകരിച്ചു. തൽഫലമായി താൻ സന്തോഷത്തോടുകൂടെ ദൈവജനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ക്രിസ്തുവിനെ സാക്ഷിക്കുകയും അതിഗഹനങ്ങളായ കാരാഗൃഹലേഖനങ്ങൾ രചിക്കുകയും ചെയ്തു. ഫിലിപ്പ്യയിലുള്ള ദൈവജനം ഈ വസ്തുത അറിയണം എന്നു താൻ ആഗ്രഹിച്ചു. പ്രതികൂല സാഹചര്യങ്ങളിൽപ്പോലും സ്വന്തക്ഷേമമല്ല സുവിശേഷത്തിന്റെ അഭിവൃദ്ധി ആഗ്രഹിക്കുന്ന അപ്പൊസ്തലന്റെ നല്ല മാതൃക നമുക്ക് അനുകരിക്കാം.

പൗലൊസിന്റെ ബന്ധനങ്ങൾ ക്രിസ്തു നിമിത്തമായിരുന്നു. രാഷ്ട്രീയ കുറ്റമോ ഹീനകൃത്യങ്ങളോ താൻ ചെയ്തിരുന്നില്ല. ക്രിസ്തുശിഷ്യന്മാർക്കു കഷ്ടങ്ങൾ ഉണ്ട് എന്ന് കർത്താവ് തന്നെ അരുളിച്ചെയ്തിട്ടുണ്ട് (യോഹ. 16:33). എന്നാൽ ക്രിസ്തുവിന്റെ ദാസന്മാരായി നാം കഷ്ടം സഹിക്കുന്നപക്ഷം നമുക്കു ലജ്ജിക്കേണ്ടതില്ല (1 പത്രൊ. 4:16). ദൈവം അസാധാരണമായ വസ്തുക്കളിൽ കൂടി തിരുഹിതം നിവർത്തിക്കുന്നവനാണ്. മോശെയുടെ വടിയും, ഗിദെയോന്റെ കുടവും, ദാവീദിന്റെ കവിണയും അതിന് ഉദാഹരണം ആകുന്നു. പൗലൊസ് കാരാഗൃഹത്തിൽ സന്തോഷിക്കുന്നവനായിരുന്നു. തന്റെ കരങ്ങൾ കാവൽഭടന്റെ കരങ്ങളോട് ചങ്ങലയാൽ ബന്ധിക്കപ്പെട്ടിരുന്നു. അവർ തവണ മാറി കാവൽ ചെയ്തിരുന്നു. തൽഫലമായി കാവൽ പട്ടാള ത്തിലുള്ളവരൊക്കെയും സുവിശേഷം കേൾക്കുവാൻ ഇടയായി. അവരുടെ സംഖ്യ പതിനായിരത്തോളമായിരുന്നു എന്ന് അഭിപ്രായപ്പെടുന്നു. രണ്ടു വർഷത്തെ ജയിൽവാസത്തിനിടയ്ക്ക് അനേകരോട് സുവിശേഷം അറിയിക്കുവാൻ തനിക്കു കഴിഞ്ഞു. നാം ആയിരിക്കുന്ന ഏതു സാഹചര്യവും കർത്താവിനെ സേവിക്കുവാനുള്ള അവസരങ്ങളായി നാം കരുതുന്നവർ ആകണം. നാം ക്രിസ്തുവിന്റെ അനുഗാമികളാണെന്നു തെളിവായി വരുവാൻ നാം കരുതലോടു ജീവിക്കേണ്ടതും ആവശ്യമാണ്.

പൗലൊസിനുണ്ടായ അനുഭവം മറ്റു സഹോദരന്മാർക്കു സുവിശേഷഘോഷണത്തിനു ധൈര്യം പകർന്നു. നാം ക്രിസ്തുവിനുവേണ്ടി കഷ്ടവും നിന്ദയും സന്തോഷത്തോടുകൂടെ സഹിക്കുന്നവർ ആകണം. അപ്പോൾ മാത്രമേ മറ്റുള്ളവർക്കു നാം അനുഗ്രഹമായിത്തീരുകയുള്ളൂ.

ചിലർ പൗലൊസിനോടുള്ള അസൂയയും പിണക്കവും നിമിത്തം സുവിശേഷം പ്രസംഗിച്ചു. മറ്റുചിലർ നല്ല മനസ്സോടെ ക്രിസ്തുവിനെ സാക്ഷിച്ചു. നിർദ്ദോഷിയായി കാരാഗൃഹത്തിൽ ചങ്ങല ധരിച്ചു കഴിയുന്ന അപ്പൊസ്തലനോട് അസൂയ തോന്നുന്നു എന്നുള്ളതു മനസ്സിലാക്കുവാൻ പ്രയാസമുള്ള വിഷയം ആണ്. അസൂയ മറ്റുള്ളവരുടെ കഴിവുകളിലുള്ള അതൃപ്തിയാണ്. ഏതുവിധേനയും ആ കഴിവുകൾ ഇല്ലാതാക്കാനും പ്രയോജനരഹിതമാക്കാനും അസൂയാലുക്കൾ പരിശ്രമിക്കും. ആത്മികശുശ്രൂഷകളിൽ ഏർപ്പെടുന്നവരുടെ ഇടയിലും ഇതുണ്ടെന്നുള്ളതാണ് കഷ്ടം. ഇതു സാത്താന്റെ തന്ത്രങ്ങളിൽ ഒന്നാകുന്നു. മറ്റു ദൈവദാസന്മാർ ദൈവകരങ്ങളിൽ പ്രയോജന

പ്പെടുമ്പോൾ നാം അതിൽ സന്തോഷിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്യുന്നവർ ആകണം എന്നു ദൈവം ആഗ്രഹിക്കുന്നു. മറ്റുള്ളവരോട് പിണക്കവും പകയും പുലർത്തുന്നവർ ആകരുത്.

മറ്റു ചിലർ പൗലൊസിന്റെ ശുശ്രൂഷയും ബന്ധനവും സുവിശേഷത്തിന്റെ പ്രതിവാദത്തിനായിട്ടാണെന്ന് അറിഞ്ഞ് തന്നോടുള്ള സ്നേഹത്താലും ബഹുമാനത്താലും ക്രിസ്തുവിനെ സാക്ഷിക്കുന്നവർ ആയിത്തീർന്നു. മറ്റേ കൂട്ടർ പൗലൊസിനു ബന്ധനങ്ങളിൽ ക്ലേശം വരുത്തുവാൻ ശാഠ്യത്തോടും സ്വാർത്ഥബുദ്ധിയോടും കൂടെ പ്രസംഗിച്ചു. അവരുടെ സന്ദേശം സത്യമായിരുന്നെങ്കിലും ഉദ്ദേശം തെറ്റായിരുന്നു. ലക്ഷ്യം എന്തുതന്നെ ആയാലും ക്രിസ്തുവിനെ പ്രസംഗിക്കുന്നു എന്നുള്ളതിനാൽ പൗലൊസ് സന്തോഷിക്കുന്നു. ദൈവജനം ശാഠ്യം ഉപേക്ഷിച്ച് സുവിശേഷഘോഷണം നടത്തുന്നവർ ആകണം.

## ജീവിക്കുന്നതും മരിക്കുന്നതും ക്രിസ്തുവിനുവേണ്ടി (1:19-26)

പൗലൊസ് ദൈവമക്കളുടെ പ്രാർത്ഥന ആവശ്യപ്പെടുന്നു. നിരാശയിൽ നിന്നും ഉപദ്രവങ്ങളിൽനിന്നും കപ്പൽച്ചേതത്തിൽനിന്നും ദൈവം വിടുതൽ നൽകി എന്നുള്ള ഉറപ്പ് തനിക്കുണ്ടായിരുന്നു. ദൈവാത്മാവ് നൽകുന്ന ആന്തരിക പ്രോത്സാഹനവും ദൈവജനത്തിന്റെ കൂട്ടായ്മയും സഹകരണവും പ്രാർത്ഥനയും കാരാഗൃഹത്തിലും കർത്താവിനു പ്രയോജനമുള്ളവനാകുവാൻ പൗലൊസിനെ സഹായിച്ചു. ഇനിയും കാരാഗൃഹത്തിൽനിന്നു വിടുതൽ ലഭിക്കുവാനും സുവിശേഷഘോഷണം തുടരുവാനും ദൈവജനത്തിന്റെ പ്രാർത്ഥന ആവശ്യമുണ്ടെന്നുള്ള ബോധം തനിക്കുണ്ടായിരുന്നു. നാം കൂട്ടുസഹോദരന്മാരുടെ പ്രാർത്ഥന ആഗ്രഹിക്കുന്നവർ ആണോ? ചിലർ ശാഠ്യത്തോടും സ്വാർത്ഥബുദ്ധിയോടും കൂടെ പ്രസംഗിച്ചത് പൗലൊസിനു ക്ലേശം ഉണ്ടാകണം എന്നുള്ള തെറ്റായ ലക്ഷ്യത്തോടു കൂടെയായിരുന്നു. പൗലൊസോ ദൈവജനത്തിന്റെ പ്രാർത്ഥനയാലും പരിശുദ്ധാത്മാവിന്റെ സഹായത്താലും താൻ എത്രയും വേഗം വിമോചിതൻ ആകും എന്ന് ഉറപ്പുള്ളവനായിരുന്നു. ക്രിസ്തുവിൽ ഏകാഗ്രമായ ഹൃദയം ഉള്ള വർക്കു പൗലൊസിന്റെ മാതൃക പിൻചെല്ലുവാൻ കഴിയും.

അപ്പൊസ്തലന്റെ ജീവിതലക്ഷ്യം ക്രിസ്തു തന്റെ ശരീരത്തിൽ കൂടെ മഹിമപ്പെടണം എന്നുള്ളതായിരുന്നു. താൻ ജീവിക്കട്ടെ മരിക്കട്ടെ ക്രിസ്തുവിന്റെ നാമം തന്നിൽ കൂടി മഹിമപ്പെടണം എന്ന് എപ്പോഴും പ്രതീക്ഷിക്കയും പ്രത്യാശിക്കയും ചെയ്യുന്ന അനുഭവം എത്ര കരണീയം ആകുന്നു. കർത്താവിനുവേണ്ടി പൂർണ്ണമായി സമർപ്പിക്കപ്പെട്ടവർക്കു മാത്രമേ അതു സാദ്ധ്യമാകയുള്ളൂ. അടുത്തു നടക്കുവാൻ പോകുന്ന വിസ്താരത്തിന്റെ പശ്ചാത്തലത്തിലായിരിക്കാം താൻ ഇത് പ്രസ്താവിച്ചത്. ദൈവഹിതത്തിന്റെ മദ്ധ്യത്തിൽ കഴിയുന്നവർക്കു ഭയപ്പെടുവാൻ ഒന്നുമില്ല എന്ന സത്യവും ഇവിടെ വ്യക്തമാകുന്നു. കൂടാതെ അവർ ലജ്ജിക്കുവാനും ഇടയാകയുമില്ല. നാം കർത്താവിനെ അനുസരിക്കയും ആരാധിക്കയും ആഘോഷിക്കയും ചെയ്യുന്നതുമൂലമാണ് ക്രിസ്തു നമ്മിൽ മഹിമപ്പെടുന്നത്. ലോകം ക്രിസ്തുവിനെ നമ്മിൽ കൂടി കാണണം. ഒരു ടെലിസ്കോപ്പിൽക്കൂടി കോടാനുകോടി മൈലുകൾ അകലെ സ്ഥിതിചെയ്യുന്ന നക്ഷത്രഗോളങ്ങളെ കാണാം. അതുപോലെ നാം ദൈവത്തിന്റെ ടെലിസ്കോപ്പുകളായി നമ്മെ സമർപ്പിക്കണം (റോമർ 12:1). പൗലൊസിന്റെ ശരീരം അതിനായി സമർപ്പിക്കപ്പെട്ടിരുന്നു. നമുക്കും അതിനു ഇടയാകട്ടെ!

പൗലൊസിനു ജീവിതത്തിന്റെ ആകെത്തുക ക്രിസ്തുവായിരുന്നു. മരണം വേദനാജനകവും പാപത്തിന്റെ ശമ്പളവുമാണ്. മരണത്തിൽ ആഗ്രഹിക്കത്തക്കതായ യാതൊന്നും ഇല്ല. എന്നാൽ ഒരു വിശ്വാസിക്കു മരണശേഷം ലഭിക്കുവാൻ പോകുന്ന അനുഗ്രഹങ്ങൾ വളരെയാണ്. അതാണ് പൗലൊസിനു മരിക്കുന്നത് ലാഭമായിരുന്നു എന്നുള്ളതിന്റെ ആശയം. ഒരു വിശ്വാസി മരിച്ചുകഴിഞ്ഞാൽ ക്രിസ്തുവിനോടുകൂടെ ആയിരിക്കും (2 കൊരി. 5:8). കർത്താവിനെ കണ്ട് അവനോടുള്ള കൂട്ടായ്മ അനുഭവിക്കുന്നതു ലാഭമാകുന്നു. മരണത്താൽ കർത്താവിനോടുള്ള കൂട്ടായ്മയ്ക്കു ഭംഗം വരുന്നില്ല. ജീവിക്കുമ്പോൾ ക്രിസ്തു നമ്മോടുകൂടെയും മരിക്കുമ്പോൾ നാം ക്രിസ്തുവിനോടുകൂടെയും ആയിരിക്കും. അവിടെ പാപത്തിന്റെ ശാപമോ, കറയോ നമ്മെ ബാധിക്കയില്ല. പാപം ചെയ്യുവാനുള്ള പരീക്ഷയും ഉണ്ടാകയില്ല. ജഡത്തിന്റെ ബലഹീനതകളെ വെടിഞ്ഞ് ആത്മികശക്തിയുള്ളവരായി നിർമ്മല ഹൃദയത്തോടെ കർത്താവിൽ സന്തോഷിച്ചുകൊണ്ട് അവനെ ആരാധിക്കുന്ന അനുഭവം എത്ര ശ്രേഷ്ഠമാകുന്നു. അതാണ് പൗലൊസിനു ലാഭമായിരുന്നത്.

എന്നാൽ ശരീരത്തിൽ ജീവിക്കുന്നതു ദൈവജനത്തിന്റെ അനുഗ്രഹ ത്തിന് ആവശ്യമാണെന്നുള്ള ബോധം പൗലൊസിനുണ്ടായിരുന്നു. ക്രിസ്തു നിയന്ത്രിക്കാത്ത ജഡം പാപവാസനയുള്ളതും നന്മരഹിതവുമാണ്. പൗലൊസിനു ക്രിസ്തു തന്റെ ജീവിതത്തെ നിയന്ത്രിക്കുന്നു എന്നുള്ള ബോധം ഉണ്ടായിരുന്നു (ഗലാ. 2:20). അങ്ങനെയുള്ള ജീവിതംകൊണ്ടു കർത്താവിന്റെ വേല യ്ക്കു ഫലം ഉളവാകും. പൗലൊസിനു ജീവിക്കുന്നതും മരിക്കുന്നതും അനുഗ്രഹമായിരുന്നു. ഇതിൽ ഏതു തിരഞ്ഞെടുക്കണം എന്നു താൻ പ്രയാസപ്പെടുന്നു. വിട്ടുപിരിയുന്നത് അഥവാ മരണം, കൂടാരം പൊളിച്ചുമാറ്റുന്നതുപോലെയാണെന്നു പറയുന്നു. കപ്പൽ നങ്കൂരമെടുത്തു യാത്ര പുറപ്പെടുന്നതിനു തുല്യം. വിശ്വാസികൾക്കു മരണം ലാഭവും അനുഗ്രഹവുമാണ്. എന്നാൽ മറ്റുള്ളവരുടെ പ്രയോജനത്തെ കരുതി ജീവിക്കുവാൻ പൗലൊസ് ആഗ്രഹിക്കുന്നു. അതു ദൈവഹിതമാണെന്നുള്ള ഉറപ്പും തനിക്കുണ്ടായിരുന്നു. തൽഫല മായി വിശ്വാസികൾ അഭിവൃദ്ധി പ്രാപിക്കയും കർത്താവിൽ സന്തോഷിക്കയും ചെയ്യുന്നവർ ആകും എന്നുള്ള വിശ്വാസം തന്നെ ജീവിക്കുവാൻ നിർബന്ധിക്കുന്നു. പൗലൊസ് ഫിലിപ്പ്യരുടെ മദ്ധ്യത്തിൽ പ്രവർത്തിക്കുന്നതിന്റെ ഫലമായി അവർ കർത്താവിൽ പ്രശംസിക്കുന്നവർ ആകും എന്നുള്ള ഉറപ്പും തനിക്കുണ്ടായിരുന്നു. നമ്മുടെ പ്രശംസയുടെ മണ്ഡലം ക്രിസ്തുവും അവന്റെ ക്രൂശും ആയിരിക്കണം (ഗലാ. 6:14).

## വിശ്വാസത്തിൽ നിലനിൽക്കുവാനുള്ള പ്രബോധനം (1:27-30)

വിശ്വാസജീവിതം പോരാട്ടം നിറഞ്ഞതാണ്. ദൈവമക്കൾ കർത്താവിനെ സ്നേഹിക്കയും സേവിക്കയും ചെയ്യുന്നവരാണ്. എന്നാൽ വിശ്വാസത്തിന്റെ പോരാട്ടം നാം സഹിക്കുന്നവരാണോ? ദൈവവചനം നമ്മെ ഭരമേല്പിച്ചിരിക്കുന്നു. സുവിശേഷഘോഷണം നമ്മുടെ ഉത്തരവാദിത്വം ആകുന്നു. സാത്താൻ ഇതിനു തടങ്കൽ വെക്കുവാൻ ഭഗീരഥപ്രയത്നം ചെയ്തുകൊണ്ടിരി ക്കുന്നു. സഭയ്ക്ക് അകത്തും പുറത്തും നിന്ന് ആക്രമണം ഉണ്ടാകാം. അതിനെ നേരിടുവാൻ നാം സ്വയമേവ ശക്തി ഉള്ളവരല്ല. ആയതിനാൽ നാം കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുന്നവർ ആകണം (എഫെ. 6:10,11). നമുക്ക് ജഡരക്തങ്ങളോട് പോരാട്ടം ഇല്ല. നമ്മുടെ ആയുധങ്ങൾ ജഡികമല്ല (2 കൊരി. 10:3,4). ദൈവവചനവും പരിശുദ്ധാത്മാവും നമ്മുടെ സഹായത്തിനായി സദാ സന്നദ്ധമായി നിൽക്കുന്നു. നാം വചനത്താൽ നിറഞ്ഞ വരും കർത്താവിൽ ആശ്രയിക്കുന്നവരും പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ടവരും ആകുമ്പോൾ ഈ പോരാട്ടത്തിൽ വിജയം കൈവരിക്കും. പൗലൊസിന്റെ സാന്നിദ്ധ്യത്തിലോ അസാന്നിദ്ധ്യത്തിലോ ദൈവജനം ഐകമത്യമുള്ളവരായി നിൽക്കണം എന്നു താൻ ആഗ്രഹിക്കുന്നു. വിശ്വാസികൾ ആദർശത്തിലും അഥവാ ഉപദേശത്തിലും ലക്ഷ്യത്തിലും ഐക്യം ഉള്ളവർ ആകണം. അങ്ങനെ സുവിശേഷത്തിനു യോഗ്യമായവണ്ണം നാം ജീവിക്കുവാൻ നമുക്കു കഴിയണം. കർത്താവ് നമ്മെ വിളിച്ച്, രക്ഷിച്ച്, വിശുദ്ധീകരിച്ച്, ദൈവമക്കളാക്കിയത് അവനുവേണ്ടി ജീവിക്കുവാനാണ്. നാം നമ്മുടെ ഉത്തരവാദിത്വ ങ്ങൾ മനസ്സിലാക്കി ഒരു സമർപ്പണജീവിതം നയിക്കുമ്പോൾ സഭകൾ അനു ഗ്രഹിക്കപ്പെടും.

എതിർപ്പുകൾ സഹിച്ചു കർത്താവിനുവേണ്ടി ജീവിക്കുന്നതും അവന്റെ വചനം അനുസരിക്കുന്നതും നമ്മുടെ വിശ്വാസത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്തുന്നു. അപ്പോൾ തന്നെ ശത്രുക്കൾക്ക് വരുവാൻ പോകുന്ന ശിക്ഷാവിധിയും നാശവും അതു ചൂണ്ടിക്കാണിക്കുന്നു. ദൈവമക്കൾ കർത്താവിനുവേണ്ടി കഷ്ടവും നിന്ദയും സഹിക്കുവാൻ പദവി ലഭിച്ചവരാണ് (ഫിലി. 1:29; 2 തിമൊ. 2:11; 3:12). ക്രിസ്തു ക്രൂശിൽ കഷ്ടം സഹിച്ചു നമുക്കു രക്ഷ ഒരുക്കി. നാം അവന്റെ സുവിശേഷം അറിയിക്കുമ്പോൾ കഷ്ടവും അപമാനവും അനുഭവിച്ചാൽ അത്ഭുതപ്പെടരുത്. കഷ്ടം സഹിക്കുന്നവർ അവനോട് കൂടെ വാഴും (മത്താ. 5:11,12; 2 കൊരി. 4:17). പൗലൊസും ക്രിസ്തുവിനായി കാരാഗൃഹത്തിൽ കഷ്ടം സഹിക്കുന്നു എന്നുള്ള അറിവും ഫിലിപ്പ്യയിലുള്ള സഭയ്ക്കുണ്ടായിരുന്നു. പൗലൊസിനെ പ്രയോജനമുള്ളവനാക്കുന്ന കർത്താവിന് അവരെയും പ്രയോജനമുള്ളവരാക്കുവാൻ കഴിയും എന്നുള്ള ഉറപ്പും തനിക്കുണ്ടായിരുന്നു.

നാം കർത്താവിൽ സന്തോഷിക്കുന്നവരാണോ? നമ്മുടെ ലക്ഷ്യം അവനായിട്ടു ജീവിക്കുന്നതാണോ? നമ്മുടെ പ്രശംസ ക്രിസ്തുവിലാണോ? കർത്താവിനുവേണ്ടി കഷ്ടം സഹിക്കുവാൻ നമുക്കു മനസ്സുണ്ടോ? നമ്മെ കാണുന്നവർ ക്രിസ്തുവിലുള്ള നമ്മുടെ ആശ്രയവും സന്തോഷവും സംതൃപ്തിയും ദർശിക്കുമോ? നാം അവനുവേണ്ടിയും സുവിശേഷത്തിനായും ദൈവഹിതപ്രകാരം നന്മ ചെയ്തുകൊണ്ട് യഥാർത്ഥ ക്രിസ്ത്യാനികളായി ജീവിക്കുവാൻ നിയോഗവും പദവിയും ലഭിച്ചവരാണ്. അതിനു കർത്താവ് നമ്മെ ഏവരെയും സഹായിക്കട്ടെ.

# അദ്ധ്യായം 2

## ആത്മിക ഐക്യതയ്ക്കും സൗമ്യതയ്ക്കുമുള്ള ആഹ്വാനം (2:1-4)

ദൈവമക്കൾ ക്രിസ്തുവിൽ ഐകമത്യമുള്ളവരാകണം എന്നു ദൈവം ആഗ്രഹിക്കുന്നു. അവർ ദൈവകുടുംബത്തിന്റെ അംഗങ്ങൾ ആകുന്നു. ദൈവാത്മാവിനാൽ സ്നാനമേറ്റവർ ആണ്. 'സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കു ന്നത് എത്ര ശുഭവും മനോഹരവുമാണ്' (സങ്കീ. 133:1). പൗലൊസിനു ഫിലിപ്പ്യയിലുള്ള വിശ്വാസികളെക്കുറിച്ചു പ്രശംസയും സന്തോഷവും ഉണ്ടായിരുന്നു. അവർ തന്റെ അദ്ധ്വാനഫലമാണ്. സുവിശേഷയത്നങ്ങളിൽ അവർ എന്നും കൂട്ടാളികൾ ആയിരുന്നു. എന്നാൽ അവരുടെ മദ്ധ്യത്തിൽ ഐകമത്യക്കുറവും ഭിന്നതയും ഉള്ളതായി താൻ അറിഞ്ഞു. അതു തനിക്കു ഭാരമായിത്തീർന്നു. ദൈവജനത്തിന്റെ മദ്ധ്യത്തിലുള്ള ഭിന്നത എന്നും ഭാരമുളവാക്കുന്നതാണ്. അത് ക്രിസ്തീയ സാക്ഷ്യത്തെ ഹനിക്കുന്നതും ആത്മിക വളർച്ചയ്ക്കു തുരങ്കം വയ്ക്കുന്നതുമാണ്. പൗലൊസിന്റെ സന്തോഷം പൂർണ്ണമാകുവാൻ അവർ ഐകമത്യമുള്ളവരാകണം എന്ന് ഇവിടെ പ്രബോധിപ്പിക്കുന്നു. ഐക്യത യ്ക്കുള്ള മാർഗ്ഗവും മാതൃകയും അപ്പൊസ്തലൻ ഈ അദ്ധ്യായത്തിൽ വ്യക്തമാക്കിയിരിക്കുന്നു.

ദൈവമക്കൾക്ക് ഐകമത്യമുള്ളവരായി കഴിയുവാൻ സാധിക്കും. അതിന് അവരുടെ ചിന്താമണ്ഡലം ക്രിസ്തുവിൽ ഏകാഗ്രതയുള്ളതാകണം. 'ഒരുവൻ ക്രിസ്തുവിൽ ആയാൽ പുതിയ സൃഷ്ടിയായി തീരുന്നു' (2 കൊരി. 5:17). ആയതിനാൽ അവർക്കു പരിശുദ്ധാത്മാവിന്റെ പ്രബോധനം ലഭ്യമാണ്. പരിശുദ്ധാത്മാവിനെ കാര്യസ്ഥൻ (Helper) എന്നു യോഹന്നാൻ 14:26-ൽ വിളിച്ചിരിക്കുന്നു. പല നിലകളിൽ പരിശുദ്ധാത്മാവ് നമ്മെ പ്രബോധിപ്പിക്കും. ദൈവവചനം മൂലം പ്രോത്സാഹനവും ശാസനയും ഉപദേശവും ഗുണീകരണവും നൽകുവാൻ നാം പരിശുദ്ധാത്മാവിനു സ്വയം വിധേയപ്പെടണം. അപ്പോൾ മാത്രമേ ഐകമത്യമുള്ളവരാകുവാൻ ദൈവജനത്തിനു സാധിക്കുകയുള്ളൂ.

രണ്ടാമതായി ദൈവസ്നേഹത്തിലുള്ള ആശ്വാസം ക്രിസ്തുവിൽ ഉണ്ട്. രക്ഷിക്കപ്പെട്ടവർ പരിശുദ്ധാത്മാവുള്ളവരാണ് (1 കൊരി. 12:3). അവർ ആത്മനിറവിൽ കഴിയുമ്പോൾ സ്നേഹമുള്ളവരായി കഴിയുവാൻ ഇടയാകും.

ആത്മഫലങ്ങളിൽ പ്രഥമവും പ്രധാനവുമായത് സ്നേഹമാണ് (ഗലാ. 5:22). സ്നേഹമില്ലായ്മ നമ്മെ പ്രയോജന ശൂന്യരാക്കും (1 കൊരി. 13). മറ്റുള്ളവരുടെ നന്മമാത്രം ആഗ്രഹിക്കയും അതിനായി യത്നിക്കയും ചെയ്യുന്ന അനുഭവമാണ് ഈ സ്നേഹം. ദൈവം ക്രിസ്തുവിൽക്കൂടി വെളിപ്പെടുത്തിയ സ്നേഹം ഇതായിരുന്നു (യോഹ. 3:16). ഈ സ്നേഹത്തെക്കുറിച്ചുള്ള ബോധം നാം ആശ്വാസവും ഐകമത്യവും ഉള്ളവരാകുവാൻ സഹായിക്കും.

മൂന്നാമതായി ദൈവമക്കൾക്കു ക്രിസ്തുയേശുവിൽക്കൂടി പരിശുദ്ധാത്മാവിലുള്ള കൂട്ടായ്മ അനുഭവിക്കുവാൻ കഴിയും. അതു ദിവ്യകൂട്ടായ്മയാണ്. ലോകം നൽകുന്ന സംഘടിത കൂട്ടായ്മകൾ മാറിപ്പോകും. ഇത് ഒരു ആത്മിക അനുഭവമാണ്. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ ക്രിസ്തുവിനെ വെളിപ്പെടുത്തു കയും മഹത്വപ്പെടുത്തുകയുമാണ് (യോഹ. 16:14). അതുകൊണ്ട് ക്രിസ്തുവിന്റെ ദൈവത്വവും ശുശ്രൂഷകളും അംഗീകരിക്കാത്തവർക്ക് ആത്മാവിലുള്ള കൂട്ടായ്മ അനുഭവിക്കുവാൻ കഴിയുന്നതല്ല.

നാലാമതായി ദൈവമക്കൾക്കു ക്രിസ്തുവിൽ ആർദ്രതയും മനസ്സലിവും ലഭ്യമാണ്. അവർ സഹവിശ്വാസികളെ കരുതുന്നവരും സഹാനുഭൂതി ഉള്ളവരും ആയിരിക്കും. ക്രിസ്തുശിഷ്യത്വത്തിന്റെ പ്രത്യക്ഷലക്ഷണം അവർ അന്യോന്യം സ്നേഹിക്കുന്നു എന്നുള്ളതാണ് (യോഹ. 13:35). ആർദ്രതയും മനസ്സലിവും ഇല്ലാത്തവരായി തീരുമ്പോൾ നാം ഈർഷ്യയും പിണക്കവും ഉള്ളവരാകും. അതു ജഡിക ക്രിസ്ത്യാനികളായി തീരുവാൻ കാരണമാകും (1 കൊരി. 3:1-3). ക്രിസ്തുവിൽ നമുക്കു ലഭ്യമായിരിക്കുന്ന ഈ പദവികൾ നമ്മെ ഏകമനസ്സുള്ളവരാക്കി തീർക്കണം എന്നു പൗലൊസ് ആഗ്രഹിക്കുന്നു.

അപ്പോൾ നമുക്ക് ഒരേ കാര്യം ചിന്തിക്കുന്നവർ ആകുവാൻ കഴിയും. അടിസ്ഥാന ഉപദേശങ്ങളിൽ ഐകമത്യമുള്ളവരാകണം എന്ന ആശയമാണ് ഇവിടെ കാണുന്നത്. അപ്പോൾ നാം ആശയങ്ങളിൽ യോജിപ്പും, സ്നേഹത്തിൽ അന്യോന്യം കരുതുന്നവരും, ആലോചനയിൽ ഐക്യമുള്ളവരും ആകും. ദൈവനാമം മഹത്വപ്പെടുവാനും നമ്മുടെ സന്തോഷം പൂർണ്ണമാകുവാനും ഇവ ഒഴിച്ചുകൂടാത്ത ഘടകങ്ങൾ ആകുന്നു.

ദൈവമക്കൾ ശാഠ്യവും ദുരഭിമാനവും ഉള്ളവർ ആകരുത്. ശാഠ്യത്തിനുള്ള മൂലകാരണം അസൂയയും സ്വാർത്ഥതയും ആണ്. കക്ഷിവൈരാഗ്യമാണ് ശാഠ്യം. ദൈവമക്കൾ ഒരു അപ്പന്റെ മക്കൾ ആകുന്നു. അവർ ദൈവകുടുംബത്തിന്റെ അംഗങ്ങൾ ആണ്. ന്യായമായി അഭിമാനിക്കാൻ പാടില്ലാ ത്തതിലുള്ള അഭിമാനമാണ് ദുരഭിമാനം. നാം പ്രാപിച്ചതെല്ലാം കൃപയാൽ മാത്രമാണ്. നമുക്കു ലഭിച്ചതു മാത്രമേ ഉള്ളൂ. കൃപകൊണ്ടുള്ള ആശയം അനർഹമായ ദൈവത്തിന്റെ ദാനം എന്നാണ്. ഭാവിക്കേണ്ടതിനു മീതെ നാം ഭാവിക്കരുത് (റോമർ 12:3). നാം വൃഥാഭിമാനികൾ ആകരുത്. നാം ക്രിസ്തുവിലും അവന്റെ ക്രൂശിലും മാത്രം അഭിമാനം കൊള്ളണം (ഗലാ. 6:14). നാം കർത്താവിന്റെ പ്രശംസ ആഗ്രഹിക്കുന്നവർ ആകണം. ക്രിസ്തുവിനു മുൾക്കിരീടം നൽകിയ ലോകം നമുക്കു സ്വർണ്ണകിരീടം നല്കയില്ല. ഐകമത്യം നിലനിൽക്കുവാൻ നാം താഴ്മയുള്ളവരായി മറ്റുള്ളവരെ നമ്മെക്കാൾ ശ്രേഷ്ഠന്മാരായി കരുതണം. താഴ്മ ബലഹീനതയല്ല. പ്രത്യുത സ്വയം മറന്നു മറ്റുള്ള വരുടെ നന്മയ്ക്കായി പ്രവർത്തിക്കുന്നതാകുന്നു. ക്രിസ്തു താഴ്മയുടെ തികഞ്ഞ പ്രതീകം ആകുന്നു (2 കൊരി. 8:9). മറ്റുള്ളവരെ ശ്രേഷ്ഠന്മാരായി കാണണം. എന്തുകൊണ്ടെന്നാൽ അവർ കർത്താവിനു വിലയേറിയവർ ആണ് (പ്രവൃ. 10:15). ലോകം സ്ഥാനത്തിനും പദവിക്കുമായി വ്യാമോഹിക്കുന്നു. ദൈവമക്കൾ ദൈവമഹത്വം അന്വേഷിക്കുന്നവരും മറ്റുള്ളവരെ ആദരിക്കുന്നവരും ആകണം. അവർ നിസ്വാർത്ഥ ലക്ഷ്യത്തോടെ മറ്റുള്ളവരുടെ ക്ഷേമത്തിനു മുൻഗണന നൽകുമ്പോൾ ഐകമത്യമുള്ളവർ ആകും. അതിനുള്ള മാതൃക 5 മുതൽ 30 വരെയുള്ള വാക്യങ്ങളിൽ നമുക്കു കാണാവുന്നതാണ്.

## ക്രിസ്തു, താഴ്മയുടെ ഉത്തമ മാതൃക (2:5-11)

ദൈവമക്കൾ മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കുന്നവർ ആകണം. ക്രിസ്തു അതിന്റെ ഉത്തമമാതൃകയാകുന്നു. ഐക്യം കൈവരിക്കുവാനുള്ള മാർഗ്ഗം അതാണ്. കർത്താവിലുണ്ടായിരുന്ന മനോഭാവം നമ്മിലും ഉണ്ടായിരിക്കണം. അതായത് ക്രിസ്തു മനുഷ്യനായി അവതരിച്ചപ്പോൾ തന്നിലുണ്ടായിരുന്ന ചിന്തയും മനോഭാവവും നാം അനുകരിക്കുന്ന പക്ഷം ഐകമത്യമുള്ളവരാകുവാൻ നമുക്കു കഴിയും. അപ്പോൾ നാം സ്വാർത്ഥതല്പരരാകയില്ല. മറ്റുള്ളവരെക്കുറിച്ച് കരുതലും ചിന്തയും ഉള്ളവർ ആകും. പ്രാകൃത മനുഷ്യർ സ്വന്ത താല്പര്യം മാത്രം അന്വേഷിക്കുന്നവരാണ്. സാത്താന്റെ മനോഭാവമാണ് അത് (യെഹെ. 28:11-19). ആദാമിന്റെയും ഹൗവ്വയുടെയും പതനത്തിനുള്ള കാരണവും അതായിരുന്നു (ഉല്പ. 3:1-7). കർത്താവിന്റെ ജീവിതലക്ഷ്യം ദൈവഹിതം നിവർത്തിയാകണം എന്നുള്ളതായിരുന്നു.

ക്രിസ്തു മറ്റുള്ളവരുടെ ഗുണം അന്വേഷിച്ചു. അവൻ നിത്യനായ ദൈവമാണ്. സകലത്തിന്റെയും കാരണഭൂതനും നിയന്ത്രിതാവും ആകുന്നു. ദൈവസാരാംശത്തിലുള്ള സകല ഗുണവിശേഷങ്ങളും ക്രിസ്തുവിലുണ്ട് (യോഹ.1:1; കൊലൊ. 1:15-17; 2:9). പത്രൊസും യാക്കോബും യോഹന്നാനും അവന്റെ തേജസ്സ് കണ്ടവരാണ് (മത്താ. 17:1,2; 1:14). ക്രിസ്തു ദൈവത്തോട് സമനാണെന്ന് അവകാശപ്പെട്ടു (യോഹ. 14:9; 5:18). കർത്താവിനോടുള്ള ശത്രുതയ്ക്കുള്ള മൂലകാരണം ഇതായിരുന്നു. നിത്യതയിൽ ദൈവമായിരുന്നവൻ മനുഷ്യവേഷം കൂടെ സ്വീകരിച്ചു. ദൈവതേജസ്സിന്റെ പ്രഭാവത്തിൽ മാത്രം കഴിയാതിരിക്കുവാൻ കർത്താവ് പ്രസാദിച്ചു. പഴയനിയമത്തിൽ ദൈവംമനുഷ്യനായി പ്രത്യക്ഷപ്പെട്ടിരുന്നു (ഉല്പ. 18). എന്നാൽ അതു താല്ക്കാലിക മായിരുന്നു. ക്രിസ്തു മനുഷ്യനായി അവതരിച്ചത് എന്നേക്കുമായി മനുഷ്യത്വം കൂടെ സ്വീകരിക്കുവാനായിരുന്നു. അപ്പോൾ മാത്രമേ മനുഷ്യവർഗ്ഗത്തിന്റെ

രക്ഷ സാദ്ധ്യമാകയുള്ളൂ. യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും നൂറുശതമാനം നിറഞ്ഞുനിൽക്കുന്നു. അവൻ മാത്രമാണ് നമ്മുടെ ഏകമദ്ധ്യസ്ഥൻ (1 തിമൊ. 2:5).

ക്രിസ്തു മനുഷ്യനായി അവതരിച്ചപ്പോൾ ദൈവരൂപത്തിനു പകരം ദാസരൂപം സ്വീകരിച്ചു. ദൈവപ്രഭയ്ക്കു മറ ഇട്ടുകൊണ്ട് സാധാരണ മനുഷ്യനായി പ്രത്യക്ഷപ്പെട്ടു. അപ്പോഴും തന്റെ ദൈവപ്രകൃതിക്കു മാറ്റം സംഭവിച്ചിരുന്നില്ല (യോഹ. 1:14). മനുഷ്യവർഗ്ഗത്തെ ശുശ്രൂഷിക്കുവാൻ അവരോട് ഏകീഭവിക്കേണ്ടത് ആവശ്യമായിരുന്നു (മത്താ. 20:28). അപ്പോൾ ക്രിസ്തു തന്റെ ദിവ്യഗാംഭീര്യത്തിന്റെ പരിവേഷം സ്വയമേവ ഉരിഞ്ഞുവെച്ച്, ഒരു ദാസരൂപം സ്വീകരിച്ചു. ശിഷ്യന്മാർക്ക് ഈ സത്യം താൻ ജീവിത മാതൃകയിൽക്കൂടി ഉപദേശിക്കയും ചെയ്തു (യോഹ. 13). ദൈവജനത്തിന്റെ ഐകമത്യത്തിനു ക്രിസ്തുവിൽ വിളങ്ങിയ നിസ്വാർത്ഥസേവന മനോഭാവം ആവശ്യമാകുന്നു.

ക്രിസ്തു തന്നെത്താൻ താഴ്ത്തി; ക്രൂശിലെ മരണത്തോളം അനുസരണ മുള്ളവനായിത്തീർന്നു. മനുഷ്യൻ താഴ്മ ഉള്ളവനല്ല. നിസ്സാരകാര്യങ്ങളിൽ പോലും അഹങ്കരിക്കുന്നവനാണ്. ദൈവപുത്രൻ മനുഷ്യനായതുതന്നെ താഴ്മയുടെ ഉത്തമമാതൃകയാകുന്നു. എന്നാൽ ക്രൂശിലെ മരണത്തോളം താഴുക എന്നത് എത്ര അത്ഭുതം ഉളവാക്കുന്ന ചിന്തയാണ്. ക്രൂശിലെ മരണം ലജ്ജാവഹവും വേദനാജനകവും ആയിരുന്നു. അതു ശാപമരണമാണ്. റോമർ അടിമകളായ നീചന്മാരെയാണ് ക്രൂശിച്ചിരുന്നത്. പിതാവിനോടുള്ള അനുസരണമാണ് ഇതിനു കർത്താവിനെ നിർബ്ബന്ധിച്ചത്. അത് പിതാവിനെ മഹത്വപ്പെടുത്തുന്ന പ്രവൃത്തിയായി അവൻ കണ്ടിരുന്നു (യോഹ. 17:1). മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്ക് ഇത് ആവശ്യമായിരുന്നു. ക്രൂശിനോളം അനുസരണ മുള്ളവനായ ക്രിസ്തു തന്നിൽ വിശ്വസിക്കുന്നവരെ നീതീകരിക്കുവാൻ മതിയായവൻ ആകുന്നു (റോമർ 5:19). ദൈവസ്നേഹത്തിന്റെ അതിശ്രേഷ്ഠമായ പ്രദർശനമാണ് ഇവിടെ നാം കാണുന്നത് (1 യോഹ. 4:10). ഈ സ്നേഹത്തിൽ ആശ്വാസവും ഉത്തേജനവും നാം കാണുന്നവർ ആണോ? (2:1). ഈ കർത്താ വിനുവേണ്ടി ത്യാഗം സഹിക്കുവാൻ നാം മനസ്സുള്ളവരാണോ? കർത്താവിൽ വിളങ്ങിയ താഴ്മയുള്ള മനസ്സ് നമുക്കുണ്ടോ? മറ്റുള്ളവരെ ശുശ്രൂഷിക്കുവാൻ എന്തു വിലയും കൊടുക്കുവാൻ കർത്താവിനു മനസ്സുണ്ടായിരുന്നു. വില കൊടുക്കാത്ത സേവനം നിഷ്ഫലം ആകുന്നു.

അതുകൊണ്ട് ദൈവം അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നൽകി. ക്രിസ്തു നമ്മുടെ വീണ്ടെടുപ്പിനായി താഴ്ച സഹിച്ചു. തന്റെ ക്രൂശുമരണത്തിൽ പിതാവ് സംതൃപ്തനാണെന്നുള്ളതിന്റെ തെളിവായിരുന്നു ക്രിസ്തുവിന്റെ പുനരുത്ഥാനം. ദൈവത്തെ മഹത്വപ്പെടുത്തുന്ന പ്രവൃത്തിയും പിതാവിനോട് ക്രിസ്തു സമനാകുന്നു എന്നതിന്റെ തെളിവുംകൂടി ആയിരുന്നു അത്. കർത്താവിന്റെ പ്രാർത്ഥനയിൽ തന്റെ ക്രൂശുമരണവും പുനരുത്ഥാനവും ദൈവമഹത്വത്തിനായിരുന്നു എന്നു കാണാം (യോഹ. 17:1,4,5). മനുഷ്യനായി അവതരിച്ചപ്പോൾ അവനു യേശു എന്ന നാമം ലഭിച്ചു (മത്താ. 1:21). പുനരുത്ഥാനം ലഭിച്ച ക്രിസ്തുവിനു സകലനാമത്തിനും മേലായ നാമം ലഭിച്ചു. ആ നാമം കർത്താവാണെന്നും, അല്ല രാജാധിരാജാവും കർത്താധി കർത്താവും എന്ന നാമമാണെന്നും അഭിപ്രായപ്പെടുന്നു (പ്രവൃ. 2:32-36; വെളി. 19:16). നമ്മുടെ കർത്താവ് സകല അധികാരവും ലഭിച്ചവനാണ് (മത്താ. 28:18). ലോകം അവനു മുൾക്കിരീടം നൽകി. സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തു തേജസ്സും ബഹുമാനവും ധരിച്ചവനായി വാഴുന്നു (വെളി. 5:12-14). തേജസ്ക്ക രിക്കപ്പെട്ട കർത്താവ് തന്നിൽ വിശ്വസിക്കുന്നവർക്ക് തന്റെ മഹത്വം പങ്കിടുന്നു (യോഹ. 17:22). ഒരു ദിവസം അവന്റെ മഹത്വത്തിന്റെ പങ്കാളികളായി നാം അവനോടുകൂടെ വാഴും (യോഹ. 17:24). മഹത്വസമ്പൂർണ്ണനായ ഈ കർത്താവിൽ വിശ്വസിക്കുന്നവർ ഇന്നു രക്ഷിക്കപ്പെടുന്നു. സർവ്വലോകരും അവൻ കർത്താവ് എന്ന് ഏറ്റുപറയേണ്ടിവരും. അന്ന് അവർ ഏറ്റുപറഞ്ഞുകൊണ്ട് നിത്യന്യായവിധിക്കു യോഗ്യരാകും. എന്നാൽ ഇന്നു രക്ഷാദിവസവും സുപ്രസാദകാലവുമത്രെ. ഇന്നുതന്നെ ഈ സ്നേഹസ്വരൂപനായ കർത്താവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുക (റോമർ 10:9,10). ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു. ദൈവജനം ഐകമത്യമുള്ളവരാകുവാൻ ക്രിസ്തുവിൽ വിളങ്ങിയ താഴ്മയും അനുസരണവും ത്യാഗമനോഭാവവും ഉള്ളവർ ആകണം. അപ്പോൾ കർത്താവ് അവരിൽ മഹത്വപ്പെടും. അതിനു ദൈവജനമേ, നമുക്ക് ഇടയാകട്ടെ.

## പൗലൊസിന്റെ മാതൃക (2:12-18)

കർത്താവ് സ്വയം മറന്നു മറ്റുള്ളവരുടെ നന്മ അന്വേഷിച്ചു. അവൻ ദാസരൂപം എടുത്തു ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി തീർന്നു. നമ്മുടെ വീണ്ടെടുപ്പിനു സ്വന്തജീവനെത്തന്നെ തരുവാൻ പ്രസാദിച്ചു. മറ്റുള്ളവരുടെ ആത്മിക അനുഗ്രഹത്തിനുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ പൗലൊസും തിമൊഥെയൊസും എപ്പഫ്രൊദിത്തൊസും മനസ്സുള്ളവർ ആയിരുന്നു (2:17,20,30).

കർത്താവിനെ സ്വന്തശക്തികൊണ്ട് അനുകരിക്കുവാൻ കഴിയുന്നതല്ല. രക്ഷിക്കപ്പെടുവാനും സൽപ്രവൃത്തികൾ പര്യാപ്തമല്ല. രക്ഷ ദൈവത്തിന്റെ ദാനം ആകുന്നു. അപ്പോൾ ക്രിസ്തു നമ്മിൽ വസിക്കുവാൻ ആരംഭിക്കുന്നു (ഗലാ. 2:20). എന്നാൽ രക്ഷിക്കപ്പെട്ടവർ ഭയഭക്തിയോടെ ദൈവദാനമായ രക്ഷയെ അനുദിനജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ വിധേയപ്പെട്ടവർ ആകുന്നു. പൗലൊസ് ഫിലിപ്പിയിൽ ആയിരുന്നപ്പോൾ വിശ്വാസികൾ അതു ചെയ്തിരുന്നു. ഇപ്പോൾ കാരാഗൃഹത്തിൽ താൻ കഴിയുകയാണ്. എങ്കിലും ഈ ഉത്തരവാദിത്വം അവരെ ഓർമ്മിപ്പിക്കുവാൻ പൗലൊസിനു കഴിഞ്ഞിരുന്നു. താൻ കർത്താവിനെ അനുകരിച്ചതുപോലെ തന്നെയും അനുകരിക്കുവാൻ വിശ്വാസികളെ പ്രബോധിപ്പിക്കുന്നു (1 കൊരി. 11:1). ഭയഭക്തിരഹിതമായ ക്രിസ്തീയജീവിതം ആത്മിക പതനത്തിനു കാരണം ആകും (1 കൊരി. 10:12; 2 പത്രൊ. 1:9-11). നാം സൽപ്രവൃത്തികൾക്കായി സൃഷ്ടിക്കപ്പെ

ട്ടവർ ആണ് (എഫെ. 2:10). കർത്താവിനോടുള്ള സ്നേഹവും ഭക്തിയും അവനെ ആരാധിക്കുവാനും അനുസരിക്കുവാനും ആഘോഷിക്കുവാനും നമ്മെ നിർബ്ബന്ധിക്കണം.

രക്ഷിക്കപ്പെട്ടവരിൽക്കൂടി മാത്രമേ ദൈവം പ്രവർത്തിക്കുകയുള്ളൂ. നാം അവന്റെ ആലോചനയ്ക്കു ശുശ്രൂഷകന്മാർ ആകണം എന്നു ദൈവം ആഗ്രഹിക്കുന്നു. അതിനുള്ള കഴിവും ശക്തിയും നൽകുന്നതും കർത്താവാണ്. കർത്താവിനെ കൂടാതെ നമുക്കു യാതൊന്നും ചെയ്യുവാൻ കഴിയുന്നതല്ല (യോഹ. 15:5). അവന്റെ കല്പനയോടു കൂടെ ശക്തിയും നൽകുന്നു (മത്താ. 14:22,23). നാം അവന്റെ പുനരുത്ഥാനശക്തി അനുഭവിക്കണം എന്നു കർത്താവ് ആഗ്രഹിക്കുന്നു (എഫെ. 1:18–22). ശിഷ്യന്മാർ ആ ശക്തി നിറഞ്ഞവരായിരുന്നു (പ്രവൃ. 1:8). ക്രിസ്തീയജീവിതം ദൈവവാഗ്ദത്തങ്ങളിൽ അധിഷ്ഠിത മായ ജീവിതമാണ്. ദൈവവാഗ്ദത്തങ്ങൾ അറിയുവാൻ അവന്റെ വചനം പഠി ക്കുന്നവർ ആകണം. കൂടാതെ നാം പ്രാർത്ഥിക്കുന്നവർ ആകണം. കർത്താവിന്റെയും അപ്പൊസ്തലന്മാരുടെയും ജീവിതം പ്രാർത്ഥന നിറഞ്ഞതായിരുന്നു. പ്രാർത്ഥനാരാഹിത്യം പ്രയോജനശൂന്യതയ്ക്കുള്ള മുഖ്യകാരണം ആകുന്നു. ക്രിസ്തുവിനായി കഷ്ടം സഹിക്കുവാൻ മനസ്സുള്ളവർ അവന്റെ ശക്തി അനുഭവിക്കുന്നവർ ആകും (3:10). നമ്മിൽ പ്രവർത്തിക്കുന്നത് ദൈവമാണ്. ഇവിടെ മനുഷ്യന്റെ ഉത്തരവാദിത്വവും ദൈവത്തിന്റെ പരമാധികാരവും വ്യക്തമാക്കിയിരിക്കുന്നു. ദൈവത്തിനു നമ്മെക്കുറിച്ചുള്ള ആഗ്രഹം രണ്ടാം അദ്ധ്യായം 2–4 വരെയുള്ള വാക്യങ്ങളിൽ കാണാം.

ദൈവമക്കൾ ജീവിക്കുന്നതു വക്രത നിറഞ്ഞ ഒരു ലോകത്തിലാണ്. നാം ദൈവമക്കളാണെന്നു ലോകം മനസ്സിലാക്കുവാൻ നാം എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്യുന്നവർ ആകണം. ദൈവമക്കൾ നിഷ്കളങ്കരായിരിക്കണം. അവർ തിന്മ വെറുത്ത് ദൈവഹിതം ചെയ്യുന്നവരാകണം. പിറുപിറുപ്പ് അസംതൃപ്തിയുടെയും നന്ദിയില്ലായ്മയുടെയും ലക്ഷണം ആണ്. നാം ദൈവത്തിൽനിന്നു നന്മമാത്രം ലഭിച്ചവരാകുന്നു. അതുകൊണ്ടു ദൈവത്തോട് എപ്പോഴും നാം നന്ദി ഉള്ളവരായിരിക്കണം. യിസ്രായേൽമക്കൾ ദൈവത്തോട് പിറുപിറുത്തു. അവരുടെമേൽ ദൈവശിക്ഷ ഉണ്ടായി (1 കൊരി. 10:10). അതു നമുക്കു ദൃഷ്ടാന്തത്തിനായി സംഭവിച്ചിരിക്കുന്നു എന്നത്രെ കാണുന്നത് (1 കൊരി. 10:11). നാം ദൈവത്തോട് പിറുപിറുക്കുന്നത് അവന്റെ ശക്തിയിലും വാഗ്ദത്തങ്ങളിലും അവിശ്വസിക്കുന്നതിനാലാണ്. ദൈവത്തോട് നന്ദി ഉള്ളവരാകുമ്പോൾ മാത്രമേ നമുക്ക് അവന്റെ സാക്ഷികളായി ജ്യോതിസ്സുകളെപ്പോലെ ലോകത്തിൽ പ്രകാശിക്കുവാൻ കഴികയുള്ളൂ. കൂടാതെ നാം പരമാർത്ഥികളും, കുറ്റാരോപണത്തിനു വകയില്ലാത്തവരും, തിന്മ വിട്ടൊഴി യുന്നവരുമാകണം. അങ്ങനെ ഫിലിപ്പ്യർ ചെയ്യുന്ന പക്ഷം ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ അവർക്കു പ്രശംസ ലഭിക്കും. കൂടാതെ പൗലൊസിന്റെ അദ്ധ്വാനം പ്രയോജനശൂന്യം അല്ലായിരുന്നു എന്ന് തെളിയപ്പെടുകയും ചെയ്യും. ഇവിടെ പൗലൊസ് തന്റെ ശുശ്രൂഷയെ ഒരു ഓട്ടക്കളത്തിലെ ഓട്ടത്തോട് ഉപമിച്ചിരിക്കുന്നു.

ഫിലിപ്പ്യയിലെ വിശ്വാസികൾ ദൈവത്തിനു ജീവനുള്ള യാഗങ്ങളായി സമർപ്പിക്കപ്പെട്ടവരാണ് (റോമർ 12:1). അതിൽ ദൈവം പ്രസാദിക്കുന്നു. ഫിലിപ്പ്യ യിലെ വിശ്വാസികളുടെ ദൈവിക സേവനത്തിനും വളർച്ചയ്ക്കും സഹായക മായി പൗലൊസ് തന്റെ ജീവനെപ്പോലും അർപ്പിക്കുവാൻ മനസ്സുള്ളവനായിരുന്നു. അതിനെ ഒരു പാനീയയാഗമായി സാമ്യപ്പെടുത്തുന്നു. ഹോമയാഗത്തോട് ബന്ധപ്പെടുത്തിയാണ് പാനീയയാഗം രേഖപ്പെടുത്തിയിരിക്കുന്നത് (സംഖ്യാ. 15:3–10). അതിൽ അപ്പൊസ്തലൻ അഭിമാനംകൊള്ളുന്നു. പൗലൊസിൽ നിരാശയുടെ അംശംപോലും കാണുന്നില്ല. കർത്തൃസേവയിൽ നമുക്കുണ്ടായിരിക്കേണ്ട മനോഭാവം അതായിരിക്കണം. കൂടാതെ ഫിലിപ്പ്യരും അതിൽ തന്നോടുചേർന്നു സന്തോഷിക്കുവാൻ ആഹ്വാനം നൽകിയിരിക്കുന്നു. ദൈവമക്കളുടെ മരണം ദൈവത്തിനു മഹത്വം നൽകുന്നതാണ് (യോഹ. 21:19). പൗലൊസിനു മരണം അങ്ങനെ ആയിരുന്നു. അതുകൊണ്ടാണ് താൻ മരിക്കേണ്ടിവന്നാലും തന്നോടുചേർന്ന് സന്തോഷിക്കുവാൻ ആഹ്വാനം ചെയ്യുന്നത്. നമുക്കും ആ നല്ല മാതൃക അനുകരിക്കാൻ കർത്താവ് കൃപ നല്കട്ടെ.

### തിമൊഥെയൊസിന്റെ മാതൃക (2:19–24)

ദൈവജനത്തിന്റെ ക്ഷേമം അറിയുന്നതും അന്വേഷിക്കുന്നതും പൗലൊസിനു സന്തോഷം പ്രദാനം ചെയ്തിരുന്നു. താൻ തടവിൽ കഴിയുന്നെങ്കിലും വിശ്വാസികളെക്കുറിച്ചുള്ള ചിന്തയാൽ ഹൃദയം നിറഞ്ഞിരുന്നു. ഫിലിപ്പ്യരെ ആത്മികമായി ധൈര്യപ്പെടുത്തുവാനും അവരുടെ ക്ഷേമം അറിയുവാനും അങ്ങനെ തന്റെ മനം തണുക്കേണ്ടതിനും തിമൊഥെയൊസിനെ അവിടേക്ക് അയയ്ക്കുവാൻ പൗലൊസ് ആഗ്രഹിച്ചു. തിമൊഥെയൊസ് തനിക്കു പ്രിയനും സഹായിയും ആയിരുന്നു. എന്നാൽ അവനെ ഫിലിപ്പിയിൽ അയയ്ക്കുവാൻ താൻ ആഗ്രഹിച്ചു. തന്റെ ത്യാഗസമ്പന്നത ഇവിടെ വ്യക്തമാകുന്നു. അത് കർത്താവിന്റെ ഹിതമാണെന്ന് പൗലൊസിന് ഉറപ്പുണ്ടായിരുന്നു. ഫിലിപ്പ്യരുടെ കാര്യങ്ങൾ ഗ്രഹിക്കുവാനും അവരെ ആത്മികമായി സഹായിക്കുവാനും തിമൊഥെയൊസിനു തുല്യം മറ്റാരെയും താൻ കണ്ടില്ല. അവൻ പൗലൊസിന് തുല്യചിത്തനായിരുന്നു. മറ്റെല്ലാവരും സ്വന്തകാര്യങ്ങളിൽ തൽപരരായിരുന്നു. പൗലൊസിനുവേണ്ടി ബദ്ധപ്പെടാനും ക്ലേശം സഹിക്കുവാനും തിമൊഥെയൊസ് ഒഴികെ മറ്റാരും തയ്യാറായില്ല. ഇന്നും ആത്മിക ഗോളത്തിൽ സ്വന്തതാല്പര്യങ്ങൾക്കു മുൻഗണന നൽകുന്ന സ്ഥിതി എവിടെയും കാണാവുന്നതാണ്. എന്നാൽ തിമൊഥെയൊസിന്റെ സ്വഭാവം വ്യക്തമായി ഫിലിപ്പ്യർക്ക് അറിയാമായിരുന്നു. അവൻ സ്വന്തതാല്പര്യങ്ങൾ ത്യജിച്ച് ഒരു മകനെപ്പോലെ സുവിശേഷവേലയിൽ പൗലൊസിനോട് ബന്ധപ്പെട്ടിരുന്നു. ഒരു സഹപ്രവർ ത്തകനുപരി പൗലൊസിന്റെ താല്പര്യങ്ങളെ മാനിച്ച് പ്രവർത്തിക്കുവാൻ തിമൊഥെയൊസിനു മന

സ്സുണ്ടായിരുന്നു. വിശ്വാസത്തിൽ നിജപുത്രനായ തിമൊഥെയൊസ് എന്നതിന്റെ ആശയം പൗലൊസ് തിമൊഥെയൊസിന്റെ ആത്മിക പിതാവായിരുന്നു എന്നത്രെ (1 തിമൊ. 1:2). പൗലൊസിന്റെ വിചാ രണ നടന്നശേഷം ഉടനെ തിമൊഥെയൊസിനെ അയയ്ക്കുവാൻ താൻ താല്പര്യ പ്പെട്ടു. കൂടാതെ എത്രയും വേഗം തനിക്കു ഫിലിപ്പ്യരെ സന്ദർശിക്കുവാൻ കഴിയും എന്നു പൗലൊസ് കർത്താവിൽ ആശ്രയിച്ച് ആഗ്രഹിച്ചിരുന്നു. ദൈവജനമേ, തിമൊഥെയൊസിന്റെ നല്ല മാതൃക നമുക്ക് അനുകരിക്കാം. ആത്മാക്കൾ രക്ഷിക്കപ്പെടുന്നതും ആത്മികമായി വളരുന്നതും ഒരുപോലെ പ്രാധാന്യ മുള്ളതാണ്. ആത്മികശുശ്രൂഷകൾകൊണ്ടുള്ള ഉദ്ദേശം കർത്താവിന്റെ മഹത്വവും ദൈവജനത്തിന്റെ ആത്മിക അഭിവൃദ്ധിയും ആയിരിക്കണം. അങ്ങനെ യുള്ള ശുശ്രൂഷകളെ കർത്താവ് മാനിക്കും.

## എപ്പഫ്രൊദിത്തൊസിന്റെ മാതൃക (2:25-30)

എപ്പഫ്രൊദിത്തൊസിനെക്കുറിച്ച് ഫിലിപ്പ്യലേഖനത്തിൽ രണ്ടുപ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്നു (4:18). ഇത് ഒരു പുറജാതി നാമമാണ്. രക്ഷിക്കപ്പെട്ട ശേഷം വിശ്വാസികൾ അവരുടെ പഴയ പേർ ഉപയോഗിച്ചിരുന്നു എന്ന് ഇവിടെ വ്യക്തമാകുന്നു. ഫിലിപ്പ്യയിലുള്ള സഭ എപ്പഫ്രൊദിത്തൊസിനെ അവരുടെ ഔദാര്യദാനവുമായി റോമിലേക്ക് അയച്ചു. കൂടാതെ താൻ പൗലൊസിന് ഒരു സഹായി ആകും എന്നും അവർ ആഗ്രഹിച്ചിരുന്നു. പൗലൊസിന്റെ ബുദ്ധിമുട്ടുകൾക്ക് അവൻ ശുശ്രൂഷിച്ചു. തന്നെക്കുറിച്ചു പൗലൊസിനു പറയുവാനുള്ളതു ശ്രദ്ധേയമാണ്. 'അവൻ എന്റെ സഹോദരനാണ്. അതായത് ഞങ്ങൾ ദൈവഭവനത്തിന്റെ അംഗങ്ങൾ ആണ്. കൂട്ടുവേലക്കാരനാകുന്നു. കർത്താവിന്റെ വേലയിൽ അവൻ എനിക്കു പങ്കാളിയാകുന്നു. അവൻ സഹഭടനാണ്. എന്നോടൊപ്പം ധീരതയോടെ സുവിശേഷത്തിനുവേണ്ടി അവൻ കഷ്ടം സഹിച്ചു (2 തിമൊ. 2:3,4). അവൻ നിങ്ങളുടെ ദൂതനാണ്. അതായത് എന്റെ സഹായത്തിനായി നിങ്ങളാൽ അയയ്ക്കപ്പെട്ടവനാണ്.' ഈ സവിശേഷതകൾ തനിക്കുണ്ടായിരുന്നെങ്കിലും തന്നെ ഉടനെ മടക്കി അയയ്ക്കുവാൻ പൗലൊസ് ആഗ്രഹിക്കുന്നു. ഫിലിപ്പ്യരുടെ സന്തോഷവും ആത്മികവളർച്ചയും കരുതിയാണ് അങ്ങനെ ആഗ്രഹിച്ചത്. ഇവിടെ പൗലൊസിന്റെ നിസ്വാർത്ഥമനസ്സും ഹൃദയവിശാലതയും ദൃശ്യമാണ്.

റോമിൽ എത്തിയ എപ്പഫ്രൊദിത്തൊസ് രോഗിയായി. അത് മരണത്തോളം ആയിപ്പോയി എന്ന് അറിഞ്ഞ ഫിലിപ്പ്യർ വ്യസനിച്ചു. ഇതറിഞ്ഞ എപ്പഫ്രൊദിത്തൊസും മനോവ്യഥ അനുഭവിച്ചു. കാരണം ഫിലിപ്പ്യരെ കാണുവാനുള്ള ആകാംക്ഷ തനിക്കുണ്ടായിരുന്നു. പൗലൊസിനു തന്റെ രോഗം ദുഃഖം ഉളവാക്കി. എന്നാൽ കർത്താവ് കരുണ കാണിക്കയും എപ്പഫ്രൊദിത്തൊസിനു സൗഖ്യം നൽകയും ചെയ്തു. ഇവിടെ രോഗം പാപത്തിന്റെ ഫലമായിരുന്നില്ല. അങ്ങനെ വിശ്വസിക്കുന്നത് വചനാനുസരണം അല്ല. ദൈവമക്കൾ ഇന്നും പാപസ്വഭാവമുള്ള ഒരു ശരീരത്തിലാണ് ജീവിക്കുന്നത്. തൽ ഫലമായി രോഗികൾ ആകുന്നു. ചിലപ്പോൾ കർത്താവ് ബാലശിക്ഷയെന്ന നിലയിൽ രോഗം നൽകി എന്നുവരാം. പൗലൊസിനു രോഗശാന്തിവരം ഉണ്ടായിരുന്നെങ്കിലും എപ്പഫ്രൊദിത്തൊസിനെ സൗഖ്യമാക്കിയില്ല. രോഗശമനം വിശ്വാസക്കുറവുകൊണ്ടാണെന്ന് കരുതുന്നതും ശരിയല്ല. കർത്താവ് മരിച്ചവരെ ഉയിർപ്പിച്ചത് അവരുടെ വിശ്വാസംകൊണ്ടല്ലായിരുന്നു. അപ്പൊസ്തലകാലത്തെ രോഗശാന്തിവരം താല്ക്കാലികമായിരുന്നു. എന്നാൽ കർത്താവ് പ്രാർത്ഥന കേട്ടു തിരുഹിതപ്രകാരം ഇന്നും രോഗശമനം നൽകുവാൻ മതിയായവൻ ആകുന്നു. അല്ലാതെ അപ്പൊസ്തലന്മാരെപ്പോലെ ആർക്കും ഇന്നു രോഗശാന്തിവരം ഇല്ല. ദൈവം തന്നോടു കരുണ കാണിച്ചു എന്നത്രെ പൗലൊസ് രേഖപ്പെടുത്തുന്നത്. ഇതിനും കർത്താവിനു മഹത്വം നൽകുവാൻ തനിക്കു കഴിഞ്ഞിരുന്നു.

എപ്പഫ്രൊദിത്തൊസ് റോമിൽ നിൽക്കുന്നത് പൗലൊസിനു സഹായമായിരുന്നു. എന്നാൽ അവനെ ഉടനെ മടക്കി അയയ്ക്കുന്നത് ഫിലിപ്പ്യരുടെ സന്തോഷത്തിനും തൽഫലമായി തന്റെ ദുഃഖത്തിന്റെ ശമനത്തിനുമായിരുന്നു. അവനെ ഫിലിപ്പ്യർ എങ്ങനെ സ്വീകരിക്കണം എന്നും അപ്പൊസ്തലൻ സൂചി പ്പിക്കുന്നുണ്ട്. പൂർണ്ണഹൃദയത്തോടെ സ്വീകരിക്കണം. തുറന്ന മനസ്സോടെ സ്നേഹപൂർവ്വം സ്വീകരിക്കണം എന്നു സാരം. സന്തോഷത്തോടുകൂടെ സ്വീകരിക്കണം. ഹൃദയത്തിൽ നിറഞ്ഞുകവിയുന്ന സന്തോഷം പ്രകടമാക്കിക്കൊണ്ട് സ്വീകരിക്കണം എന്നത്രെ ഇവിടെ ഉദ്ബോധിപ്പിക്കുന്നത്. കർത്തൃസേവയിൽ മരണത്തോളം എത്തിപ്പോയ അവനെ എപ്പോഴും ബഹുമാനിക്കണം. ദൈവദാസന്മാരെ ബഹുമാനിക്കുന്നതു ദൈവത്തോടുള്ള ബഹുമാനത്തെ കാണിക്കുന്നു. 'അവൻ സ്വയം മറന്നു നിങ്ങൾക്കുവേണ്ടി ക്ലേശങ്ങൾ സഹിക്കയും എന്നെ ശുശ്രൂഷിക്കയും ചെയ്തു.' മറ്റുള്ളവരുടെ ആത്മിക അനുഗ്രഹങ്ങൾക്കു വേണ്ടി നിസ്വാർത്ഥമനസ്സോടുകൂടെ സേവ ചെയ്തവരുടെ ചരിത്രമാണ് നാം രണ്ടാം അദ്ധ്യായത്തിൽ കാണുന്നത്. ദൈവജനത്തിന്റെ മദ്ധ്യത്തിൽ ഐക്യ വും ആത്മിക അനുഗ്രഹവും ഉണ്ടാകുവാൻ ഇവരുടെ ഉത്തമമാതൃക അനുകരിക്കുവാൻ കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ.

## അദ്ധ്യായം 3

## ദുരുപദേഷ്ടാക്കന്മാരെ സൂക്ഷിപ്പിൻ (3:1-11)

ഈ ലേഖനത്തിലെ മുഖ്യസന്ദേശം ദൈവമക്കൾ സന്തോഷിക്കുന്നവർ ആകണം എന്നത്രെ. സാഹചര്യങ്ങൾ പ്രതികൂലമായാലും എപ്പോഴും നാം സന്തോഷിക്കുന്നവർ ആകണം. വസ്തുമയമായ കാര്യങ്ങൾ നമ്മുടെ സന്തോഷത്തെ കെടുത്തരുത്. അങ്ങനെയുള്ള കാര്യങ്ങളെ മുറുകെപ്പിടിക്കാതെ ക്രിസ്തുവിൽ ആശ്രയവും വിശ്വാസവും കണ്ടെത്തുമ്പോൾ മാത്രമേ യഥാർത്ഥ ആത്മിക സന്തോഷം അനുഭവിക്കുവാൻ കഴിയുകയുള്ളൂ. ആത്മിക വിഷയ

ങ്ങൾ ആവർത്തിച്ചു പ്രസ്താവിക്കുവാൻ പൗലൊസ് മടികാണിച്ചിരുന്നില്ല.

ദുരുപദേഷ്ടാക്കന്മാരെ സൂക്ഷിക്കുവാൻ പൗലൊസ് മുന്നറിയിപ്പു നൽ കുന്നു. യെഹൂദമതാനുസാരികളെ ഉദ്ദേശിച്ചാണ് ഇതു പറഞ്ഞിരിക്കുന്നത്. രക്ഷിക്കപ്പെടുവാൻ ന്യായപ്രമാണവും കൂടെ ആവശ്യമാണെന്ന് അവർ പഠി പ്പിച്ചു. രക്ഷ കൃപയാൽ വിശ്വാസം മൂലമാണ്. അതിനു സൽപ്രവൃത്തികൾ ആവശ്യമില്ല. രക്ഷ ദൈവത്തിന്റെ ദാനം ആണ്. വിശ്വാസത്താൽ അതു സ്വീകരിച്ചവർ സൽപ്രവൃത്തികൾ ചെയ്യുന്നവർ ആകും (എഫെ. 2:8-10). ഈ ഉപദേശത്തോട് സൽക്കർമ്മങ്ങളും പാരമ്പര്യങ്ങളും മറ്റും കൂട്ടിച്ചേർക്കുന്നതു ദുരുപദേശമാകുന്നു. അങ്ങനെ ചെയ്യുന്നവരെ നാം സൂക്ഷിക്കേണ്ടതാണ്. ജഡത്തിൽ പരിച്ഛേദന ഏൽക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ല. പരിച്ഛേദന വിശുദ്ധിയുടെ ചിഹ്നമാണ്. ദൈവമക്കൾ ഹൃദയത്തിൽ പരിച്ഛേദന ഏറ്റവർ ആകുന്നു. അവർ ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്നവർ ആണ്. അവരുടെ പ്രശംസ ക്രിസ്തുവിലും അവന്റെ ക്രൂശിലും ആകുന്നു. അവർ ജഡത്തിൽ ആശ്രയിക്കയോ പ്രശംസിക്കയോ ചെയ്യുന്നില്ല.

പൗലൊസിനു ജഡത്തിൽ പ്രശംസിക്കുവാൻ ധാരാളം കാര്യങ്ങൾ ഉണ്ടായിരുന്നു. താൻ ജന്മനാ യെഹൂദനും എട്ടാം നാളിൽ പരിച്ഛേദന ഏറ്റവനുമാണ്. അവൻ യിസ്രായേൽ ജാതിക്കാരനും ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കു യോഗ്യനുമായിരുന്നു. ബെന്യാമീൻ ഗോത്രക്കാരനായിരുന്നു. എല്ലാ ഗോത്രങ്ങ ളിലുംവെച്ചു ധീരതയ്ക്കു പ്രസിദ്ധിക്കൊണ്ട ഗോത്രമായിരുന്നു അത്. എബ്രായരിൽനിന്നു ജനിച്ച എബ്രായൻ അഥവാ എബ്രായഭാഷ സംസാരിക്കുന്നവൻ. ന്യായപ്രമാണം സംബന്ധിച്ചു പരീശൻ. ന്യായപ്രമാണം പൂർണ്ണമായി പാലിക്കുന്നവൻ എന്നു സാരം. ശുഷ്കാന്തി സംബന്ധിച്ചു സഭയെ ഉപദ്രവിച്ചവൻ. ന്യായപ്രമാണത്തിലെ നീതിസംബന്ധിച്ചു അനിന്ദ്യൻ. അങ്ങനെ ജഡത്തിൽ മറ്റാരെക്കാളും കൂടുതൽ പ്രശംസിക്കുവാൻ പൗലൊസിനു വകയുണ്ടായി രുന്നു. എന്നാൽ ക്രിസ്തുദർശനം ലഭിച്ചതിന്റെ ഫലമായി അവനുവേണ്ടി എല്ലാം ചേതം എന്ന് എണ്ണുവാൻ പൗലൊസിനു കഴിഞ്ഞു. ക്രിസ്തു മഹാധന മായും പ്രശംസാവിഷയമായും തീർന്നു. ജഡത്തിൽ പ്രശംസിക്കുന്ന നമുക്ക് ഇത് ഒരു താക്കീതാകുന്നു. കൂടാതെ പൗലൊസ് പ്രസ്താവിക്കുന്നത് ഇപ്പോഴും അങ്ങനെതന്നെ എണ്ണുന്നു എന്നത്രെ. കർത്താവിനെ രുചിച്ചറിഞ്ഞ അപ്പൊ സ്തലൻ ക്രിസ്തുവിന്റെ ശ്രേഷ്ഠത അംഗീകരിക്കുന്നു. കർത്താവിനെക്കുറിച്ചുള്ള അനുഭവസമ്പത്തിൽ അവൻ വളരുവാൻ തുടങ്ങിയിട്ട് 30 വർഷങ്ങൾ കഴിഞ്ഞു. അവൻ ക്രിസ്തുവിനെക്കൊണ്ട് നിറഞ്ഞിരുന്നു. തൽഫലമായി മറ്റെല്ലാറ്റിനെയും വെറും ചപ്പും ചവറുമായി പുറംതള്ളുവാൻ തനിക്കു കഴിഞ്ഞു. നമ്മുടെ അവസ്ഥയോ? കർത്താവ് നമ്മെ സഹായിക്കട്ടെ.

ക്രിസ്തുവിനെ അറിയുന്നതും അവനുവേണ്ടി ജീവിക്കുന്നതും മാത്രമേ ലാഭമായിട്ടുള്ളൂ. അവനിൽ വിശ്വസിക്കുന്നവർക്കു മാത്രമേ അത് സാധിക്കുകയുള്ളൂ. സ്വന്തനീതിപ്രവൃത്തികൾ അതിനു മതിയായതല്ല. ക്രിസ്തുവിലുള്ള വിശ്വാസമാണ് അതിന് ആധാരം. നമ്മുടെ സൽപ്രവൃത്തികൾ കറപുരണ്ട തുണികൾക്കു തുല്യമാണ് (യെശ. 64:6). ന്യായപ്രമാണംകൊണ്ടുള്ള ഉദ്ദേശം പാപത്തെക്കുറിച്ച് ബോധം നൽകുക എന്നതത്രെ (റോമർ 3:20). എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവർ നീതീകരിക്കപ്പെടും (റോമർ 3:24-26). ദൈവം നൽകുന്ന നീതി അവനുവേണ്ടി ജീവിക്കുവാൻ നമ്മെ പ്രേരിപ്പിക്കണം. രക്ഷിക്കപ്പെട്ടവർ കർത്താവിനെ അനുഭവത്തിൽ അറിയുന്നവർ ആകണം. അതിന് ആഗ്രഹിക്കുന്നവർക്ക് മാത്രമേ ആത്മിക പക്വത പ്രാപിക്കുവാൻ കഴിയുക യുള്ളൂ. പൗലൊസിന്റെ ആഗ്രഹം ക്രിസ്തുവിനെ ജീവിതാനുഭവത്തിൽ അറിയുക എന്നുള്ളതായിരുന്നു. അപ്പോൾ മാത്രമേ അവനെ രക്ഷിതാവും കർത്താവുമായി അംഗീകരിക്കുവാൻ കഴിയുകയുള്ളൂ. രണ്ടാമതായി അവന്റെ പുനരു ത്ഥാനശക്തി അറിയണം. ഇത് വിജയകരമായ ക്രിസ്തീയ ജീവിതത്തിന് ആവശ്യം ആണ് (പ്രവൃ. 1:8). പൗലൊസിന്റെ പ്രാർത്ഥനയിൽ ഇതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട് (എഫെ. 1:19,20). വിശ്വാസികളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ സഹായം ഇതിന് ആവശ്യമാണ്. മൂന്നാമതായി ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മ അനുഭവിച്ചറിയുവാൻ താൻ ആഗ്രഹിച്ചു. കർത്താവിനുവേണ്ടി കഷ്ടം സഹിക്കുന്നത് ഒരു പദവിയായി പൗലൊസ് കരുതിയിരുന്നു (1:29). നാം സുവിശേഷത്തിനും ദൈവവചനസത്യങ്ങൾക്കും സാക്ഷികൾ ആകുമ്പോൾ എതിർപ്പുകളും ഉപദ്രവവും നേരിടേണ്ടിവരും (യോഹ. 15:20). ദൈവമക്കൾ ക്രിസ്തുവിന്റെ മരണത്തോട് അനുരൂപപ്പെടണം (റോമർ 6:6-8). അവന്റെ മരണത്തോട് അനുരൂപപ്പെട്ടവർക്കു മാത്രമേ അവന്റെ ജീവന്റെ പുതുക്കത്തിൽ ജീവിക്കുവാൻ കഴിയുകയുള്ളൂ. ദൈവം നമ്മെ രക്ഷിച്ചതു ക്രിസ്തുവിനോട് അനുരൂപരാകുവാൻ ആണ് (റോമർ 8:29). പൗലൊസിനുണ്ടായിരുന്ന ആഗ്രഹം ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്ന ഒരു ജീവിതം നയിക്കുവാൻ തന്നെ സഹായിച്ചു. നമുക്കും അത് ആവശ്യമാണ്.

പൗലൊസ് മരിച്ചവരുടെ ഇടയിൽനിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണ്ട തിനു സകലവും ചവറ് എന്ന് എണ്ണുവാൻ മനസ്സുള്ളവനായിരുന്നു. ഇതു വിശുദ്ധന്മാർക്കു ലഭിക്കുവാൻ പോകുന്ന അന്ത്യപുനരുത്ഥാനത്തെ സൂചിപ്പിക്കുന്നു എന്നും അല്ല ക്രിസ്തുവിനോട് അനുരൂപപ്പെട്ടു ജീവന്റെ പുതുക്കത്തിൽ നടക്കുന്ന അനുഭവമാണെന്നും രണ്ട് അഭിപ്രായങ്ങൾ ഉണ്ട് (1 തെസ്സ. 4:13-16).

## നാം ലാക്കിലേക്ക് ഓടുന്നവരോ (3:12-16)

പൗലൊസ് ക്രിസ്തീയ ജീവിതത്തെ ഒരു ഓട്ടക്കളത്തോട് സാദൃശീകരിച്ചിരിക്കുന്നു. താൻ ക്രിസ്തുവിനെ നേടുവാനും, വിശുദ്ധന്മാർക്കുള്ള പുനരു ത്ഥാനം കൈവരിക്കുവാനും എന്തു ത്യാഗവും സഹിക്കുവാൻ മനസ്സുള്ളവനായിരുന്നു. ക്രിസ്തുവിൽ പക്വത വന്നവനാകുവാൻ താൻ ആഗ്രഹിച്ചു. താൻ നിഷ്പാപപൂർണ്ണനാണെന്ന് അവകാശപ്പെട്ടില്ല. ഈ ജഡത്തിൽ ആർക്കും അത് അവകാശപ്പെടുവാൻ കഴിയുന്നതല്ല. എന്നാൽ കർത്താവ് തന്നെ

ക്കുറിച്ച് ആഗ്രഹിക്കുന്നത് കൈവരിക്കുവാൻ തീവ്രമായി ആഗ്രഹിച്ചു. ക്രിസ്തുവിനെ വെളിപ്പെടുത്തുക എന്നുള്ളതായിരുന്നു തന്നെക്കുറിച്ചുള്ള ദൈവഹിതം (ഗലാ. 1:16). അതിനായിട്ടു പിമ്പിലുള്ളതു മറന്ന് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുവാൻ പൗലൊസിനു കഴിഞ്ഞു. തനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമായിരുന്നു. പഴയ നേട്ടങ്ങളിൽ താൻ കൃതാർത്ഥനായി കഴിഞ്ഞില്ല. അത് മുമ്പോ ട്ടുള്ള ആത്മികവളർച്ചയ്ക്കു വിഘ്നം സൃഷ്ടിക്കാവുന്നതാണ്. മുമ്പിലുള്ള ലക്ഷ്യം ക്രിസ്തുവാണ്. ക്രിസ്തുവിനോട് അനുരൂപനാകണം എന്നുള്ളതാണ് പരമവിളി (റോമർ 8:29; എബ്രാ. 3:1). ക്രിസ്തീയ ജീവിതത്തിൽ പരാജയങ്ങൾ ഉണ്ടാകാതിരിക്കുവാൻ നമ്മുടെ ചിന്താമണ്ഡലം ആത്മികവിഷയങ്ങളാൽ നിറഞ്ഞിരിക്കണം. അതിനായി ഒരു ഓട്ടക്കാരനെപ്പോലെ താൻ ശ്രദ്ധിച്ചിരുന്നു എന്നു കാണാം. പാപം, ജഡം, ലോകം എന്നീ പരീക്ഷകളാൽ വലയുന്നവർക്ക് അഥവാ പരാജയപ്പെടുന്നവർക്ക് വിരുത് പ്രാപിക്കുവാൻ കഴിയുന്നതല്ല. ജയിക്കുന്നവർക്ക് കർത്താവ് പ്രതിഫലം നൽകും (2 തിമൊ. 4:7,8).

ദൈവമക്കൾ ആത്മിക വളർച്ചയും പക്വതയും പ്രാപിക്കുന്നുവെങ്കിലും ഈ ജഡശരീരത്തിൽ നിഷ്പാപപൂർണ്ണരാകുന്നില്ല. നാം കർത്താവിനെ പ്രസാ ദിപ്പിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നപക്ഷം നമ്മുടെ കുറവുകളെ കർത്താവ് വെളിപ്പെടുത്തിത്തരും. രക്ഷിക്കപ്പെട്ടവർ മൂന്നു നിലകളിൽ തികഞ്ഞവരാകുന്നു. ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ നീതീകരിക്കപ്പെടുന്നു (എബ്രാ. 10:14; കൊലൊ. 2:10). ഇത് ക്രിസ്തുവിലുള്ള നമ്മുടെ സ്ഥാനം ആണ്. രണ്ടാമതായി നാം ക്രിസ്തുവിൽ ദൈനംദിനം വളർന്നുകൊണ്ടിരിക്കുന്നു അഥവാ വിശുദ്ധജീവിതം ഉള്ളവരാകുന്നു (2 കൊരി. 7:1; എഫെ. 4:12,15). മൂന്നാമതായി നാം ക്രിസ്തുവിൽ പരിപൂർണ്ണരാകുന്നു. അത് നമ്മുടെ തേജസ്ക്കരണം ആണ്. കർത്താവിന്റെ വരവിങ്കൽ അത് സംഭവിക്കും (എഫെ. 5:27; 1 യോഹ. 3:1,2). നാം എവിടെയാകുന്നു എന്നുള്ള സത്യം കർത്താവ് തന്നെ നമുക്ക് വെളിപ്പെടുത്തിത്തരും. ഫിലിപ്പ്യർ ആത്മികപുരോഗതിയെക്കുറിച്ച് പരിജ്ഞാനം ലഭിച്ചവരായിരുന്നു. അതേ പാതയിൽ നാം ഐകമത്യ ത്തോടുകൂടി മുമ്പോട്ടുപോകുന്നവർ ആകണം എന്നു പൗലൊസ് ആഗ്രഹിച്ചു. കർത്താവിനു നമ്മെക്കുറിച്ചുള്ള ആഗ്രഹവും അതത്രെ.

## ജഡമോഹത്തിനെതിരെ മുന്നറിയിപ്പ് (3:17-21)

പൗലൊസ് ക്രിസ്തുവിനായി ജീവിക്കയും ക്രിസ്തുവിന്റെ സുവിശേഷം ഘോഷിക്കയും ചെയ്തു. താൻ സ്വയനീതിയിൽ പ്രശംസിച്ചില്ല. നിഷ്പാപപൂർണ്ണനാണെന്ന് അവകാശപ്പെട്ടില്ല. ആ നല്ല മാതൃക അനുകരിക്കുവാൻ അപ്പൊസ്തലൻ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. കർത്താവാണ് നമ്മുടെ മാതൃകാപുരുഷൻ. കർത്താവിനെ അനുകരിക്കുന്നവരെ ബഹുമാനിക്കുവാനും അവരുടെ ജീവിതമാതൃക അനുകരിക്കുവാനും നാം കടപ്പെട്ടവർ ആകുന്നു (1 കൊരി. 11:1; 1 പത്രൊ. 2:21).

നാം ക്രൂശിന്റെ ശത്രുക്കളെ അനുകരിക്കരുത്. അവർ ന്യായപ്രമാണ തൽപരരും ജഡമോഹങ്ങൾക്ക് അടിമകളും ആകുന്നു. അവർ കൃപയാലുള്ള രക്ഷയെ നിസ്സാരമായി ഗണിക്കുന്നവർ ആണ്. ആത്മിക കാര്യങ്ങൾ പറയുമെങ്കിലും അവർ ഭോഗപ്രിയരാണ്. അവർക്ക് ആത്മനിയന്ത്രണം ഇല്ല. ലജ്ജയായതു പ്രവർത്തിക്ക മാത്രമല്ല അതിൽ പ്രശംസിക്കയും ചെയ്യുന്നു. ദൃശ്യവും താല്ക്കാലികവുമായ കാര്യങ്ങൾക്കാണ് അവരുടെ ജീവിതത്തിൽ പ്രഥമസ്ഥാനം. അവർ നിത്യശിക്ഷാവിധി അനുഭവിക്കും. അവരെ നാം വിട്ടൊഴിയണം. അവരുടെ മാതൃക അനുകരിക്കരുത്. അന്ത്യകാലത്ത് ഈ സ്വഭാവമുള്ളവർ ദൈവസഭയിൽ ഉണ്ടാകും എന്ന് അപ്പൊസ്തലൻ മുന്നറിയിപ്പ് നൽകുന്നുണ്ട് (2 തിമൊ. 3:1-5).

എന്നാൽ വിശ്വാസികൾ സ്വർഗ്ഗീയ പൗരന്മാർ ആകുന്നു. നമ്മുടെ പിതൃദേശം ഈ ലോകമല്ല. നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാകുന്നു. ദൃശ്യമായതൊക്കെയും താല്ക്കാലികമാണ്. സ്വർഗ്ഗീയ അനുഗ്രഹങ്ങൾ നിത്യമാണ്. കർത്താവ് സ്വർഗ്ഗത്തിൽ നമുക്കു ഭവനം ഒരുക്കുവാൻ പോയിരിക്കുന്നു (യോഹ. 14:1,2). അവിടെനിന്നും ക്രിസ്തു നമ്മുടെ രക്ഷയുടെ പൂർത്തീകരണ ത്തിനായി വേഗം വരും. അന്ന് ഈ ബലഹീനമായ ശരീരത്തിന്റെ വീണ്ടെടുപ്പ് സംഭവിക്കും. അതിനായിട്ടു വിശ്വാസികൾ ആകാംക്ഷയോടെ കാത്തിരിക്കുന്നവർ ആകണം. അത് നമ്മുടെ ഭാഗ്യകരമായ പ്രത്യാശയാണ് (തീത്തൊ. 2:12). അത് നമുക്ക് വിശുദ്ധ ജീവിതത്തിനും വിശ്വസ്ത സേവന ത്തിനും പ്രേരകശക്തി പ്രദാനം ചെയ്യണം (1 യോഹ. 3:1-3). കർത്താവിന്റെ വരവിങ്കൽ നമ്മുടെ താഴ്ചയുള്ള ശരീരം അവന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി അവൻ രൂപാന്തരപ്പെടുത്തും. ഇന്നു നാം താഴ്ചയുള്ള ഒരു ശരീരത്തിലാണ് ജീവിക്കുന്നത്. രോഗവും, വേദനയും, മരണവും ഉള്ള ഒരു ശരീരം. കർത്താവ് പുനരുത്ഥാനം ചെയ്തപ്പോൾ മഹത്വമുള്ള ശരീരം ഉള്ളവനായിത്തീർന്നു. കർത്താവ് വരുമ്പോൾ അവൻ നമ്മുടെ ശരീരത്തെയും അങ്ങനെ തേജസ്സുള്ളതാക്കി തീർക്കും (1 കൊരി. 15:54,55). പുനരുത്ഥാനം ചെയ്ത കർത്താവ് സകലവിശുദ്ധന്മാരുടെയും ശരീരത്തെ തന്റെ വ്യാപാരശക്തിയാൽ രൂപാന്തരപ്പെടുത്തി മഹത്വമുള്ളതാക്കുവാൻ മതിയായവൻ ആകുന്നു (എഫെ. 1:19). ഈ ചിന്തകൾ സ്വർഗ്ഗീയമായ നിത്യയനുഗ്രഹങ്ങളെ ലക്ഷ്യമാക്കി ഭക്തിയും വിശുദ്ധിയുമുള്ള ജീവിതം നയിക്കുവാൻ നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 4

### ദൈവമക്കൾ ഐകമത്യമുള്ളവർ ആകണം (4:1-3)

വിശ്വാസികൾ സ്വർഗ്ഗീയപൗരന്മാരും ക്രിസ്തുവിന്റെ വരവിനായി ആകാംക്ഷയോടെ കാത്തിരിക്കുന്നവരുമാണ്. അതുകൊണ്ട് സ്നേഹത്തിൽ ഐകമത്യമുള്ളവർ ആകണം. പൗലൊസിനു വിശ്വാസികൾ പ്രിയരായിരുന്നു. അവർ സ്വർഗ്ഗീയകുടുംബത്തിലെ അംഗങ്ങളാണ്. ഫിലിപ്പ്യയിലെ വിശുദ്ധന്മാർ പൗലൊസിന്റെ അദ്ധ്വാനഫലങ്ങളാണ്. അതുകൊണ്ട് അവർ തനിക്കു സന്തോഷത്തിനും പ്രതിഫലത്തിനും കാരണവും ആകുന്നു (1 തെസ്സ. 2:19,20). അവർ വിശ്വാസത്തിൽ നിലനിൽക്കണം എന്നു പ്രബോധിപ്പിക്കുന്നു. അത് അവരുടെ സ്വർഗ്ഗീയ പൗരത്വത്തിന്റെ തെളിവാണ്. വിശ്വാസത്തിന്റെ പരിശോധനയിൽ നിലനിൽക്കുവാനുള്ള ആഹ്വാനമാണ് ഇവിടെ കാണുന്നത്.

യുവൊദ്യയും സുന്തുകയും ഫിലിപ്പ്യസഭയിലുള്ള രണ്ടു സഹോദരി മാർ ആയിരുന്നു. ഇവർ തമ്മിൽ ഭിന്നത ഉണ്ടായി. പൗലൊസ് അവർ തമ്മിലുള്ള ഭിന്നത അവസാനിപ്പിക്കുവാൻ പ്രബോധിപ്പിക്കുന്നു. ഭിന്നതയുടെ മൂലകാരണം ജഡത്തിൽനിന്നും ഉടലെടുക്കുന്ന സ്വാർത്ഥതയും മത്സരവും ആണ്. അടിസ്ഥാന ഉപദേശങ്ങൾക്കു പ്രാധാന്യം നൽകുകയും അഭിപ്രായങ്ങൾക്കും താല്പര്യങ്ങൾക്കും രണ്ടാംസ്ഥാനം നൽകുകയും ചെയ്താൽ ഭിന്നതകൾ ഒഴിവാക്കുവാൻ കഴിയും. ദൈവമക്കൾ കർത്താവിന്റെ അധികാരത്തിൽ കഴിയുന്നവർ ആകണം. അപ്പോൾ മാത്രമേ അവന്റെ വചനം അനുസരിച്ച് ദൈവനാമമഹത്വത്തിനായി ജീവിക്കുന്നവർ ആകുവാൻ കഴികയുള്ളൂ. ഭിന്നതകൾ പരിഹരിക്കുവാൻ പക്വത വന്ന വിശ്വാസികളുടെ സഹായം ആവശ്യമാണ്. ഇവിടെ പൗലൊസിനോട് ചേർന്നു പ്രവർത്തിച്ച വ്യക്തിയെ സംബോധന ചെയ്യുന്നത് സാക്ഷാൽ ഇണയാളി എന്നാണ്. ഇതാരാണെന്ന് വ്യക്തമല്ല. എപ്പഫ്രൊദിത്തൊസ് ആയിരിക്കാം എന്ന് അഭിപ്രായപ്പെടുന്നു. ഈ രണ്ടു സഹോദരിമാർ ക്ലേമന്ത് മുതലായ സഹോദരന്മാരോട് ചേർന്ന് പൗലൊസിനോടൊപ്പം സുവിശേഷഘോഷണത്തിൽ ഏർപ്പെട്ടവർ ആയിരുന്നു. കൂടാതെ അവരുടെ പേരുകൾ ജീവപുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നു. അവർ രക്ഷിക്കപ്പെട്ടവർ ആയിരുന്നു എന്നു സാരം. രക്ഷിക്കപ്പെട്ടവരും ആത്മികശുശ്രൂഷകളിൽ ഏർപ്പെടുന്നവരും ജഡികന്മാരായാൽ ഭിന്നതകൾ ഉണ്ടാകുവാൻ സാദ്ധ്യത ഉണ്ട്. കൊരിന്തുസഭ ഇതിനു ദൃഷ്ടാന്തം ആകുന്നു (1 കൊരി. 3:3). സ്വാർത്ഥതാല്പര്യങ്ങൾ ഉപേക്ഷിച്ചുകൊണ്ട് കർത്താവിനു പ്രഥമസ്ഥാനം ജീവിതത്തിലും സഭയിലും നൽകുന്നപക്ഷം ഭിന്നതകൾ ഒഴിവാക്കുവാൻ കഴിയും.

### കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ (4:4-9)

ആത്മികജീവിതത്തിൽ ശ്രദ്ധിക്കേണ്ട വിവിധ കാര്യങ്ങളാണ് തുടർ ന്നുള്ള വാക്യങ്ങളിൽ കാണുന്നത്. ദൈവമക്കൾ കർത്താവിൽ എപ്പോഴും സന്തോഷിക്കുന്നവർ ആകണം. നമ്മുടെ സൗമ്യത സകലരും അറിയണം. ലോകചിന്തകളാൽ നാം വിചാരപ്പെടുന്നവർ ആകരുത്. നമ്മുടെ ആവശ്യ ങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് പറയണം. അപ്പോൾ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നാം അനുഭവിക്കുന്നവർ ആകും.

നാം കർത്താവിൽ എപ്പോഴും സന്തോഷിക്കണം. ക്രിസ്തുവിനോടുള്ള ബന്ധമാണ് അതിന് അടിസ്ഥാനം. കർത്താവ് സകലത്തെയും നിയന്ത്രിക്കുന്നു. സകല കാര്യങ്ങളും നമ്മുടെ നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുവാൻ അവൻ ശക്തിയുള്ളവനാണ്. കൂടാതെ നമ്മെ അവൻ നിത്യസ്നേഹത്താൽ തന്നോട് ബന്ധിച്ചിരിക്കുന്നു. ആ ബന്ധത്തിൽനിന്നും നമ്മെ വേർപ്പെടുത്തു വാൻ യാതൊന്നിനും കഴിയുന്നതല്ല. ദുഃഖത്തിലും സന്തോഷിക്കുവാൻ പദവി ലഭിച്ചവരാണ് ദൈവമക്കൾ (2 കൊരി. 6:10). പാപത്തിന്റെ ശിക്ഷയിൽനിന്നും വിമോചിതരായവർ ഭയപ്പെടേണ്ടതില്ല. കർത്താവിലുള്ള ആശ്രയവും വിശ്വാസവും അവനിൽ സന്തോഷിക്കുവാൻ നമ്മെ പ്രാപ്തരാക്കും. ദൈവമക്കൾ പരിശുദ്ധാത്മാവ് ഉള്ളവരാണ്. പരിശുദ്ധാത്മാവിന്റെ ഫലങ്ങളിൽ ഒന്നാണ് സന്തോഷം (ഗലാ. 5:22). ദൈവത്തോടുള്ള സമാധാനത്തിന്റെ ഫലമാണ് സന്തോഷം (റോമർ 5:1,2). ക്രിസ്തുവിനോടുള്ള കൂട്ടായ്മയിൽ കഴിയുമ്പോൾ മാത്രമേ നമുക്ക് അവനിൽ സന്തോഷിക്കുവാൻ കഴികയുള്ളൂ. അപ്പോൾ തടവറയിലും പൗലൊസിനെപ്പോലെ സന്തോഷിക്കുവാൻ കഴിയും.

ദൈവമക്കൾ സൗമ്യത ഉള്ളവർ ആയിരിക്കണം. ഔദാര്യപൂർവ്വമായ മഹാമനസ്കതയാണ് സൗമ്യത. സ്വാർത്ഥതയ്ക്കും മത്സരത്തിനും എതിരായ ഗുണവിശേഷമാണ് ഇത്. നമ്മുടെ കർത്താവിൽ ഇത് വിളങ്ങിയിരുന്നു (മത്താ. 11:29). കർത്താവിന്റെ വരവിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നവരുടെ ജീവിതത്തിൽ സൗമ്യത പ്രവൃത്തിയിൽക്കൂടി വെളിപ്പെടണം എന്ന് അപ്പൊസ്തലൻ ആഗ്രഹിക്കുന്നു.

ദൈവമക്കൾ ആകുലചിന്തകളാൽ വ്യാകുലപ്പെടുന്നവർ ആകരുത്. നാം നമ്മുടെ ഭാരങ്ങൾ കർത്താവിനെ അറിയിക്കുന്നവർ ആകണം (1 പത്രൊ. 5:7). വിശ്വാസവും ഉൽക്കണ്ഠയും ഒന്നിച്ചുപോകയില്ല. ലോകചിന്തകളാൽ ചിന്താകുലരാകുന്നത് പാപമാകുന്നു. അത് നമ്മുടെ സന്തോഷത്തെ കെടുത്തുകയും ശാരീരികവും മാനസികവും ആത്മികവുമായ ബലഹീനത ഉളവാക്കയും ചെയ്യും. അത് നമ്മുടെ മനസ്സാന്നിദ്ധ്യം നഷ്ടപ്പെടുവാൻ കാരണം ആകും. കൂടാതെ ഉൽക്കണ്ഠ ദൈവികകൂട്ടായ്മ നഷ്ടപ്പെടുത്തും. ഇത് അവിശ്വാസത്തിന്റെയും അനുസരണക്കേടിന്റെയും ലക്ഷണമാണ്. ഇതിനുള്ള പ്രതിവിധിയാണ് അടുത്ത വാക്യങ്ങളിൽ നൽകിയിരിക്കുന്നത്.

ദൈവമക്കൾ പ്രാർത്ഥിക്കുന്നവർ ആകണം. പ്രാർത്ഥനയിൽ അപേക്ഷയും സ്തോത്രവും ഉള്ളടങ്ങിയിരിക്കുന്നു. കർത്താവിലുള്ള ആശ്രയവും ഭക്തിയും പ്രാർത്ഥനയിൽ വെളിപ്പെടുന്നു. നാം പരിപൂർണ്ണരല്ല. ദൈവസഹായം

നമുക്ക് ആവശ്യമുണ്ട് എന്ന് പ്രാർത്ഥന വ്യക്തമാക്കുന്നു. പൊതുവായ കാര്യങ്ങൾക്കുവേണ്ടി നാം പ്രാർത്ഥിക്കണം. അതുപോലെതന്നെ പ്രത്യേക വിഷയങ്ങളും പ്രാർത്ഥനയിൽ ഉൾപ്പെടണം. സ്തോത്രത്തോടെ നാം പ്രാർത്ഥിക്കുന്നവർ ആകണം. പ്രാർത്ഥന സ്വീകാര്യയോഗ്യമാക്കുന്ന ഘടകമാണ് സ്തോത്രം. ദൈവം നമ്മുടെ ആവശ്യങ്ങൾ അറിയുന്നവനാണ്. എങ്കി ലും മക്കൾ പിതാവിനോട് ആവശ്യങ്ങൾ അറിയിക്കുമ്പോൾ പിതാവ് സന്തോഷിക്കുന്നതുപോലെ നാം പ്രാർത്ഥിക്കുമ്പോൾ ദൈവം പ്രസാദിക്കുന്നു. ദൈവമക്കൾക്കുള്ള പദവിയാണ് ദൈവത്തോട് പ്രാർത്ഥിക്കുക എന്നുള്ളത്. അവൻ നമ്മുടെ സ്വർഗ്ഗസ്ഥ പിതാവാകുന്നു. ശിഷ്യന്മാർ കർത്താവിനോട് ആവശ്യപ്പെട്ട പ്രധാനവിഷയം അവരെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണം എന്നുള്ളതാണ്. ക്രിസ്തുവിന്റെ ജീവിതവും ശുശ്രൂഷകളും പ്രാർത്ഥനയുടെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. നാം എപ്പോഴും പ്രാർത്ഥിക്കണം എന്ന് ക്രിസ്തു കല്പിച്ചിരിക്കുന്നു.

ചിന്താകുലത്തിനുള്ള പ്രതിവിധി പ്രാർത്ഥിക്കുക എന്നുള്ളതാണ്. രണ്ടാമ തായി ആത്മികവിഷയങ്ങൾ ധ്യാനിക്കുന്നവർ ആകണം. മൂന്നാമതായി കർത്താവിനെ അനുസരിക്കുന്നവർ ആകണം (4:9). അപ്പോൾ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം ലഭ്യമാകും. ഇത് ദൈവത്തോടുള്ള സമാധാനം അല്ല (റോമർ 5:1). രക്ഷിക്കപ്പെട്ട നിമിഷത്തിൽ നാം ദൈവത്തോട് സമാധാനം ഉള്ളവർ ആകും. ഇവിടെ പറയുന്ന സമാധാനം കർത്താവ് ശിഷ്യന്മാർക്കു വാഗ്ദത്തം ചെയ്തിട്ടുള്ള ഹൃദയസമാധാനം ആകുന്നു (യോഹ. 14:27). ഇത് ദൈവം നൽകുന്ന സമാധാനം ആണ്. അപ്പോൾ നമുക്ക് ദൈവസാന്നിദ്ധ്യവും, ദൈവവാഗ്ദത്തങ്ങളിലുള്ള ഉറപ്പും, ദൈവികശക്തിയും അനുഭവിച്ചറിയുവാൻ കഴിയും. കൂടാതെ മറ്റുള്ളവരോടും സമാധാനം ഉള്ളവരാകു വാൻ കഴിയും. മനുഷ്യന്റെ പരിജ്ഞാനംകൊണ്ടോ സാമർത്ഥ്യംകൊണ്ടോ ഈ സമാധാനം നേടുവാനോ ഗ്രഹിക്കുവാനോ കഴിയുന്നതല്ല. ദൈവത്തിൽ വിശ്വസിച്ച് ആശ്രയിക്കുന്നവർക്ക് ഈ ദിവ്യസമാധാനം അനുഭവിച്ചറിയുവാൻ കഴിയും (യെശ. 26:3). നമ്മുടെ സാഹചര്യങ്ങൾക്ക് ഈ സമാധാനത്തെ ഇല്ലാതാക്കുവാൻ കഴിയുന്നതല്ല. ഈ സമാധാനം നമ്മുടെ ഹൃദയങ്ങളെയും നിനവുകളെയും കാത്തുപരിപാലിക്കും. ഹൃദയം ചിന്തകളുടെയും വികാരത്തിന്റെ യും ഉറവയാണ്. ഈ ദൈവസമാധാനം ക്രിസ്തുമൂലമാണ് ലഭിക്കുന്നത്. ക്രിസ്തുവിനോടുള്ള കൂട്ടായ്മയും സംസർഗ്ഗവും ഇതിന് ഒഴിച്ചുകൂടാത്തതാകുന്നു. അപ്പോൾ ദൈവസമാധാനം നമ്മുടെ മൊത്തം ആളത്വത്തെ കാവൽ പ്പട്ടാളംപോലെ കാത്തുസൂക്ഷിക്കും. ഈ സമാധാനം നാം അനുഭവിക്കുന്നവർ ആകണം എന്ന് ക്രിസ്തു ആഗ്രഹിക്കുന്നു (യോഹ. 14:27; 16:33).

ആത്മികകാര്യങ്ങൾ ചിന്തിക്കുന്നവർക്കു മാത്രമേ ചിന്താകുലപ്പെടാതിരിക്കുവാൻ കഴികയുള്ളൂ. എട്ടു കാര്യങ്ങൾ നാം ചിന്തിക്കുന്നവർ ആകണം എന്ന് അപ്പൊസ്തലൻ ആഗ്രഹിക്കുന്നു. നാം സത്യമായ കാര്യങ്ങൾ ചിന്തിക്കണം. സത്യസന്ധവും ആത്മാർത്ഥതയുമുള്ള വിഷയങ്ങൾ ചിന്തിക്കുന്നവർ ആകണം എന്നു സാരം. രക്ഷിക്കപ്പെടാത്തവർക്ക് ഇങ്ങനെ ചിന്തിക്കുവാൻ കഴിയുന്നതല്ല. അവരുടെ മനസ്സ് സാത്താൻ കുരുടാക്കിയിരിക്കുന്നു (2 കൊരി. 4:4). സത്യമായ കാര്യങ്ങൾ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിത്തരും. എന്നാൽ ചിന്തിക്കുവാനും അനുസരിക്കുവാനും നാം മനസ്സുള്ളവർ ആകണം. നമ്മുടെ ചിന്തകൾ ക്രിസ്തുവിനോടുള്ള അനുസരണത്തിനായിട്ട് നാം പിടിച്ചടക്കുന്നവർ ആകണം. പരിശുദ്ധാത്മാവിന്റെ ശക്തികൊണ്ടു മാത്രമേ അത് സാധിക്കുകയുള്ളൂ (2 കൊരി. 10:5).

രണ്ടാമതായി നാം ഘനശാലികൾ ആയിരിക്കണം. കഥയില്ലാത്ത കാര്യങ്ങൾ ചിന്തിച്ചു സമയം നഷ്ടപ്പെടുത്തരുത്. മൂന്നാമതായി നീതിപൂർവ്വമായ കാര്യങ്ങൾ ചിന്തിക്കുന്നവർ ആകണം. അനുദിനജീവിതത്തിൽ ദൈവമുമ്പാകെയും മനുഷ്യനോടുള്ള ബന്ധത്തിലും നീതിപൂർവ്വം ഏർപ്പെടുന്നവർ ആകണം. നാലാമതായി നിർമ്മലമായ കാര്യങ്ങൾ ചിന്തിക്കുന്നവർ ആകണം. അസാന്മാർഗ്ഗികവിഷയങ്ങൾ ചിന്തിക്കരുത്. ഈ ലോകം അശുദ്ധി നിറഞ്ഞതാണ്. പന്നിതുല്യമായ ജീവിതം നയിക്കരുത്. പ്രത്യുത ചെളിയിൽ വീണ ആടിനെപ്പോലെ അശുദ്ധിയും അസാന്മാർഗ്ഗിക കാര്യങ്ങളും വിട്ടോടുന്നവർ ആകണം. തെറ്റായ ചിന്തകൾ നമ്മെ തെറ്റുചെയ്യുന്നവർ ആക്കും. അഞ്ചാമതായി രമ്യമായുള്ള കാര്യങ്ങൾ ചിന്തിക്കണം. സന്തോഷപ്രദമായ കാര്യങ്ങൾ ചിന്തിക്കുന്നവർ ആകണം. മനസ്സിനെ അലട്ടുന്നതും ആശങ്ക ഉളവാക്കുന്നതുമായ കാര്യങ്ങൾ ഒഴിഞ്ഞിരിക്കണം. സൽക്കീർത്തിയായ വിഷയങ്ങൾ ചിന്തിക്കുന്നവർ ആകണം. മറ്റുള്ളവരെ ആകർഷിക്കുന്നതും ഇമ്പം പകരുന്നതുമായ വിഷയങ്ങൾ കൃപയോടുകൂടെ സംസാരിക്കയും ചിന്തിക്കയും ചെയ്യണം. കൂടാതെ സൽഗുണമായ കാര്യങ്ങൾ മറ്റുള്ളവരിൽ കാണുവാൻ കഴിയണം. അന്യരുടെ പോരായ്മകൾ കൊട്ടിഘോഷിക്കുന്നവർ ആകരുത്. സാന്മാർഗ്ഗികമായ കാര്യങ്ങൾ ധ്യാനിക്കുന്നവർ ആകണം. അവസാനമായി പുകഴ്ചയായ വിഷയങ്ങൾ ചിന്തിക്കണം. പ്രശംസാർഹമായ കാര്യങ്ങൾ ധ്യാനിക്കുന്നവർക്കു മാത്രമേ ചിന്താകുലരാകാതെ ദൈവസമാധാനം അനുഭവിക്കുവാൻ കഴികയുള്ളൂ. ജ്ഞാനിയായ ശലോമോൻ പറഞ്ഞു: ‘മനുഷ്യൻ തന്റെ മനസ്സിൽ കണക്ക് കൂട്ടുന്നതുപോലെ അഥവാ ചിന്തിക്കുന്നതുപോലെയാകുന്നു അവൻ’ (സദൃ. 23:7). നമ്മുടെ ഹൃദയം ശുഭവചനംകൊണ്ട് നിറയട്ടെ. ദൈവവചനം നമ്മുടെ പ്രമോദവിഷയം ആകട്ടെ. അപ്പോൾ നാം ചിന്താകുലരാകാതെ ദിവ്യസമാധാനവും സന്തോഷവും ഉള്ളവർ ആകും.

മൂന്നാമതായി ചിന്താകുലരാകാതിരിപ്പാൻ നാം ഭക്തന്മാരുടെ ജീവിത മാതൃക അനുകരിക്കണം. പൗലൊസിന്റെ ഉപദേശവും ജീവിതവും ഫിലി പ്പ്യർക്ക് വ്യക്തമായിട്ട് അറിയാമായിരുന്നു. താൻ ഒന്നും രഹസ്യമായി ചെയ്തി രുന്നില്ല. താൻ പ്രസംഗിച്ചതു പരിശീലിച്ചിരുന്നു. താൻ വാക്കിലും ജീവിതത്തിലും മാതൃക ഉള്ളവനായിരുന്നു. അങ്ങനെ അവർ കർത്താവിനെയും തന്റെ ദാസനായ പൗലൊസിനെയും അനുകരിക്കുന്നപക്ഷം ദൈവ

സാന്നിദ്ധ്യം അനുഭവിക്കുന്നവർ ആകും. സമാധാനത്തിന്റെ ദൈവം പരിശോധനയിലും കഷ്ടങ്ങളിലും പോരാട്ട ങ്ങളിലും അവരോടുകൂടെ ഉണ്ടായിരിക്കും. ഏതു കാലത്തു ജീവിക്കുന്ന ദൈവജനത്തിനും ആവശ്യമുള്ള ആലോ ചനകളാണ് ഇവ.

### അലംഭാവത്തിന്റെ രഹസ്യം (4:10-20)

ഫിലിപ്പ്യയിലുള്ള സഭ പൗലൊസിനെ സഹായിക്കുവാൻ എപ്പോഴും മനസ്സുള്ളതായിരുന്നു. അവരുടെ സഹായം സ്വീകരിച്ചുകൊണ്ടു താൻ കർത്താവിൽ സന്തോഷിക്കുന്നു. ദൈവം ഫിലിപ്പ്യരിൽക്കൂടി പ്രവർത്തിക്കുന്നതു കൊണ്ടാണ് പൗലൊസ് കർത്താവിൽ സന്തോഷിക്കുന്നത്. ആത്മിക കാര്യങ്ങളിൽ ബന്ധപ്പെടാനും സഹായി ക്കാനും പ്രേരണ നൽകുന്നതു കർത്താവാണ്. മറ്റു പ്രവർത്തനങ്ങളെ സഹായിക്കുവാൻ മനസ്സുണ്ടെങ്കിലും കഴിവ് ഉണ്ടായി എന്നു വരില്ല. അതും അറിയുന്ന കർത്താവാണ് നമ്മുടെ രക്ഷിതാവ്. ദൈവദാസന്മാർ ഈ മാതൃക അനു കരിക്കണം. സാമ്പത്തികമായി സഹായിക്കാൻ കഴിയാത്തവർക്ക് പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ കഴിയും. പൗലൊസിന്റെ പ്രവർത്തനങ്ങളെയും ഫിലിപ്പ്യർ സ്നേഹിക്കയും സഹായിക്കയും പ്രാർത്ഥിക്കയും ചെയ്തു. നമുക്കും ആ നല്ല മാതൃക അനുകരിക്കാം. പൗലൊസ് തന്റെ ബുദ്ധിമുട്ടുകൾ മറ്റുള്ളവരെ അറിയിച്ചിരുന്നില്ല. ഏത് അവസ്ഥയിലും തൃപ്തനായിരിക്കുവാൻ താൻ പരിശീലിച്ചിരുന്നു. ഫിലിപ്പ്യരുടെ സഹായം അവരുടെ ആത്മികാഭി വൃദ്ധിയുടെ അടയാളമായി പൗലൊസ് മനസ്സിലാക്കി. ഇന്നും അത് സത്യമാണ്.

അലംഭാവം എന്നതിന്റെ ആശയം ഏതു സാഹചര്യത്തിലും തൃപ്തനായിരിക്കുക എന്നാണ്. പൗലൊസ് അലംഭാവനായിരിക്കുവാൻ പഠിച്ചു. തനിക്കു കർത്താവ് മതിയായവൻ ആയിരുന്നു. തന്റെ കഴിവുകളും സഹാ യവും കർത്താവിൽനിന്നും വരുന്നു എന്നുള്ള ബോധം തനിക്കുണ്ടായിരുന്നു (2 കൊരി. 3:5). കർത്താവിനെ കൂടാതെ നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുന്നതല്ല (യോഹ. 15:5). കർത്താവിലുള്ള ആശ്രയം പൗലൊസിനു സംതൃപ്തി നൽകിയിരുന്നു. അവൻ ക്രിസ്തുവിൽ അലംഭാവം കണ്ടെത്തിയിരുന്നതു കൊണ്ട് ഏതു സാഹചര്യത്തിലും സന്തോഷിക്കുവാൻ കഴിഞ്ഞിരുന്നു.

ഏത് അവസ്ഥയിലും ജീവിക്കുവാൻ പൗലൊസ് ശീലിച്ചിരുന്നു. ക്രിസ്തുവിനോടുള്ള ബന്ധം അതിനു തന്നെ സഹായിച്ചു. സാമ്പത്തികവും സാഹ ചര്യപരവുമായ താഴ്ചയിൽ സംതൃപ്തനായിരിക്കാൻ തനിക്കു കഴിഞ്ഞു. ഞെരുക്കം പിറുപിറുപ്പും അസംതൃപ്തിയും ഉളവാക്കും. എന്നാൽ ഒരു ദൈവപൈതൽ അങ്ങനെ ജീവിക്കാൻ പാടുള്ളതല്ല. അതുപോലെതന്നെ സമൃദ്ധി നിഗളത്തിലേക്കും നയിക്കാവുന്നതാണ്. ഈ സാഹചര്യങ്ങളിൽ സമ ചിത്തത പാലിച്ചുകൊണ്ട് ദൈവാശ്രയത്തോടുകൂടെ ഒരു സാക്ഷ്യജീവിതം നയിക്കുവാൻ നമുക്കു കഴിയണം. അത് എങ്ങനെ സാധിക്കും എന്ന് അടുത്ത വാക്യത്തിൽ കാണാം (4:13). എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകല ത്തിനും മതിയാകുന്നു. ക്രിസ്തുവിനോടുള്ള നിരന്തര കൂട്ടായ്മയും ആശ്ര യവും ഈ ശക്തി ലഭിക്കുവാൻ ആവശ്യമാകുന്നു. കർത്താവ് നമ്മോട് കല്പിക്കുന്നത് അനുസരിക്കുവാൻ മനസ്സുണ്ടെങ്കിൽ അതിനുള്ള ശക്തിയും കർത്താവ് നൽകും. ക്രിസ്തീയ ജീവിതത്തോടുള്ള ബന്ധത്തിലാണ് പൗലൊസ് ഈ വാക്യം ഇവിടെ രേഖപ്പെടു ത്തിയിരിക്കുന്നത്. അസ്ഥാനത്ത് ഈ വാക്യം ഉദ്ധരിക്കുന്നത് തെറ്റാകുന്നു.

കർത്താവ് നമുക്കു സകലസാഹചര്യങ്ങളിലും മതിയായവൻ ആകുന്നു. അവൻ തന്റെ ദാസന്മാരിൽക്കൂടി തിരുഹിതം നിവർത്തിക്കും. ഫിലിപ്പ്യർ കൊടുത്തയച്ച ദാനം ദൈവഹിതപ്രകാരം ഉള്ളതാണ്. എന്നാൽ അവരുടെ ദാനത്തെ അവഗണിക്കാതെ അത് അഭിനന്ദിക്കുന്നതായി ഇവിടെ കാണാം. പൗലൊസ് സുവിശേഷത്തിനായി കഷ്ടം സഹിക്കുന്നു എന്നുള്ള ബോധം അവർക്കുണ്ടായിരുന്നു. അതിൽ പങ്കുകാരാകുവാൻ അവർക്കു മനസ്സുണ്ടായിരു ന്നു. പൗലൊസിനെ പണസംബന്ധമായ കാര്യങ്ങളിൽ സഹായിക്കുന്നതിൽ ഫിലിപ്പ്യർ വിശ്വസ്തരായിരുന്നു. അതിന് അവരെ അഭിനന്ദിക്കുന്നു. തെസ്സലൊനീക്യയിലും അവർ രണ്ടുവട്ടം പൗലൊസിനെ സഹായിച്ചു. ദൈവമക്കൾ ചെയ്യുന്ന സഹായത്തിനു ക്ലിപ്തമായി നാം നന്ദി പ്രകടിപ്പിക്കുന്നവർ ആകണം. സുവിശേഷഘോഷണത്തിൽ അവർ അങ്ങനെ പങ്കുള്ളവരായി. പോയി സുവിശേഷം അറിയിക്കുവാൻ ചിലപ്പോൾ കഴിഞ്ഞു എന്നു വരില്ല. എന്നാൽ പ്രാർത്ഥിക്കാനും സഹായിക്കാനും കഴിയും. അതിനു കർത്താവ് നമ്മെ സഹായിക്കട്ടെ. പൗലൊസ് ആരുടെയും ദാനം ആഗ്രഹിച്ചില്ല. എന്നാൽ അവരുടെ ഭൗതിക കൂട്ടായ്മയ്ക്കു തക്ക പ്രതിഫലം ഉണ്ട് എന്ന് ആശം സിക്കുന്നു. പൗലൊസിന്റെ ആത്മികദൃഷ്ടികൾ എത്ര ഉയർന്നിരുന്നു എന്ന് ഇവിടെ കാണാം. ദൈവജനത്തിന്റെ ആത്മിക അനുഗ്രഹങ്ങൾക്കുവേണ്ടി അദ്ധ്വാനിക്കയും പ്രാർത്ഥിക്കയും ഉപദേശിക്കയും ആശംസിക്കയും ചെയ്യുന്ന അപ്പൊസ്തലന്റെ നല്ല മാതൃക നമുക്ക് അനുകരിക്കാം.

ക്രിസ്തുവിന്റെ സുവിശേഷത്തോടുള്ള ബന്ധത്തിൽ ചെയ്യുന്ന ദാനങ്ങൾ ദൈവത്തിനു സൗരഭ്യവാസനയാ ണ്. സൗരഭ്യവാസന നൽകുന്ന യാഗങ്ങൾ സ്വമേധായാഗങ്ങൾ ആകുന്നു. പൗലൊസിന് എല്ലാം സമൃദ്ധിയായിട്ടു ണ്ടായിരുന്നു. എങ്കിലും ഫിലിപ്പ്യർ എപ്പഫ്രൊദിത്തൊസിന്റെ കൈവശം കൊടുത്തയച്ച ദാനം സ്വീകരിച്ചുകൊണ്ട് തൃപ്തനായി. അത് ദൈവത്തിനു പ്രസാദമുള്ളതായിരുന്നു. ഇന്നു പഴയനിയമകാലത്തുള്ളതുപോലുള്ള യാഗങ്ങൾ ഇല്ല. എന്നാൽ നാം നമ്മെത്തന്നെ ദൈവത്തിനു ജീവനുള്ള യാഗങ്ങളായി സമർപ്പിക്കണം (റോമർ 12:1). നമ്മുടെ സ്തുതിസ്തോത്രങ്ങൾ ദൈവത്തിനു പ്രസാദമുള്ള യാഗങ്ങൾ ആകുന്നു (എബ്രാ. 13:15). മറ്റുള്ളവർക്കു നന്മ ചെയ്യു ന്നതും സഹായിക്കുന്നതും ദൈവത്തിനു പ്രസാദം ആകുന്നു (എബ്രാ. 13:16). കൂടാതെ ദൈവദാസന്മാർക്ക് അത് ആശ്വാസവും പ്രോത്സാഹനവും പ്രദാനം ചെയ്യും.

കർത്താവ് നമ്മുടെ ബുദ്ധിമുട്ട് ഒക്കെയും തീർത്തുതരുവാൻ ശക്തിയും മനസ്സും ഉള്ളവനാണ്. ദൈവം മഹത്വസമ്പൂർണ്ണനും ഒന്നിനും കുറവില്ലാത്തവനുമാണ്. തന്റെ അനുഗ്രഹങ്ങൾ ക്രിസ്തുവിൽക്കൂടി നൽകുവാൻ തനിക്കു മനസ്സായിരിക്കുന്നു. ക്രിസ്തുവിനോട് ബന്ധമുള്ളവർക്കു മാത്രമേ അത് സ്വീകരിക്കുവാൻ കഴിയുകയുള്ളൂ (എഫെ. 1:3). നാം ദൈവത്തെ ബഹുമാനിക്കയും അവന്റെ വഴികളിൽ നടക്കയും നമ്മെ ഭരമേല്പിച്ചിട്ടുള്ള കാര്യങ്ങളിൽ വിശ്വസ്തരായിരിക്കയും ചെയ്യുമ്പോൾ നമ്മുടെ ആവശ്യങ്ങൾ അവൻ നിവർത്തിച്ചു തരും. നമ്മുടെ ആവശ്യങ്ങൾ നാം അറിയുന്നതിലും നന്നായി ദൈവം അറിയുന്നു. ദൈവം ബുദ്ധിമുട്ട് തീർക്കുന്നവനാണ്. അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണമാണ് ചെയ്യുന്നത്. മനുഷ്യർക്ക് അത് അസാദ്ധ്യമാണ്. മറ്റുള്ളവരുടെ സഹായത്തിനു പ്രതിഫലം നൽകാനും കഴിയാതെ വരും. പൗലൊസ് ഫിലിപ്പ്യർക്കു പ്രതിഫലം ഒന്നും നൽകിയില്ല. എന്നാൽ കർത്താവ് പ്രതിഫലം നൽകും എന്ന് ഉറപ്പുള്ളവനായിരുന്നു. ഈ കർത്താവിൽ ആശ്രയിക്കയും അവനെ സേവിക്കയും ചെയ്യുന്നത് മഹാഭാഗ്യമായി നാം കരുതണം. ഈ ദൈവം സ്തുത്യനും സ്നേഹസമ്പൂർണ്ണനുമാണ്. അവൻ നമ്മുടെ പിതാവായ ദൈവമാകുന്നു. അവൻ സകല മഹത്വത്തിനും യോഗ്യൻ ആകുന്നു.

### ആശീർവാദ വചനം (4:21-23)

ഫിലിപ്പ്യർ അവരുടെ ദാരിദ്ര്യത്തിലും പൗലൊസിനെ സഹായിച്ചത് തന്നിൽ വികാരാവേശം ഉളവാക്കിയിരിക്കണം. ഈ ലേഖനത്തിലെ അന്ത്യവാക്യങ്ങളിൽ അത് വ്യക്തമാണ്. ഫിലിപ്പ്യരെക്കുറിച്ചുള്ള ഓർമ്മ തന്നിൽ സന്തോഷം ഉളവാക്കയും തൽഫലമായി ദൈവത്തെ സ്തുതിക്കുവാൻ പ്രേരിത നാകയും ചെയ്തു. ദൈവജനത്തിന്റെ ആത്മിക വർദ്ധനവ് കണ്ടു സന്തോഷി ക്കുവാനും ദൈവത്തെ സ്തുതിക്കുവാനും നമുക്ക് കഴിയണം. ഫിലിപ്പ്യയിലുള്ള വിശ്വാസികൾ വിശുദ്ധന്മാരാണ്. അവർ കർത്താവിനായി വേർതിരിക്കപ്പെട്ടവർ ആകുന്നു. പൗലൊസ് തന്നോടുകൂടെയുള്ള ദൈവദാസന്മാരെ ചേർത്തുകൊണ്ട് ഫിലിപ്പ്യരെ വന്ദനം ചെയ്യുന്നു. അവരിൽ തിമൊഥെയൊസും എപ്പഫ്രൊദിത്തൊസും ഒനേസിമൊസും തിഹിക്കൊസും ഉണ്ടായിരുന്നു എന്ന് അഭിപ്രായപ്പെടുന്നു. കൂടാതെ കൈസരുടെ അരമനയിലുള്ള രക്ഷിക്കപ്പെട്ടവരും അവരെ വന്ദനം ചെയ്യുന്നു. ദൈവമക്കൾ ഒറ്റതിരിഞ്ഞു ജീവിക്കുന്നവർ ആകരുത്. ലോകത്തിൽ അവർ ജീവിക്കുന്നു എങ്കിലും ലോകത്തിനുള്ളവരല്ല. അവർ തമ്മിൽ അന്യോന്യം സ്നേഹിക്കയും സഹകരിക്കയും ചെയ്യണം. പൗലൊസ് അതിനുള്ള ഉത്തമമാതൃക നമുക്ക് നൽകിയിരിക്കുന്നു. ഒടുവിൽ യേശുക്രിസ്തുവിന്റെ കൃപ നേർന്നുകൊണ്ട് പൗലൊസ് സന്തോഷത്തിന്റെ ഈ ലേഖനം ഉപസംഹരിച്ചിരിക്കുന്നു. ഒരിക്കൽ ക്രിസ്തുവിരോധിയായിരുന്ന പൗലൊസിനെ ഈ കൃപ സന്ദർശിച്ചു. അവൻ ക്രിസ്തുവിന്റെ ദാസനായി ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുവാനും അവനെ സേവിക്കുവാനും ഈ കൃപ അവനെ പ്രാപ്തിയുള്ളവനാക്കി. ഈ കൃപ ദൈവം എല്ലാവർക്കും നൽകുവാൻ പ്രസാദിച്ചു (തീത്തൊ. 2:11). ഇത് മനുഷ്യന് അനർഹമായ ദൈവത്തിന്റെ ദാനം ആകുന്നു. ഈ കൃപയെ ആസ്വദിച്ചറിയുവാൻ ഫിലിപ്പ്യർക്ക് ഇടയായി. തൽഫലമായി അവർക്കു പാപമോചനവും നിത്യരക്ഷയും ലഭ്യമായി. അവരുടെ പൗരത്വം ഇന്നു സ്വർഗ്ഗത്തിലാണ്. അവർ ദൈവത്തിനുള്ളവരാണ്. ഈ കൃപയിൽ നിലനിൽക്കുക എന്ന ആശംസ രക്ഷിക്കപ്പെട്ട എല്ലാ ദൈവജനത്തിനും ഉള്ളതാണ്.

പ്രിയ സ്നേഹിതാ, നാം ഫിലിപ്പ്യലേഖനം പഠിച്ചുകൊണ്ടിരിക്കയായിരുന്നല്ലോ. ഇതിലെ കാതലായ വിഷയം ക്രിസ്തുവാണ്. ക്രിസ്തുവിൽ രക്ഷയും വിമോചനവും ഉണ്ട്. പൗലൊസിനു ക്രിസ്തുവായിരുന്നു ജീവിതലക്ഷ്യം. അവൻ ക്രിസ്തുവിന്റെ മാതൃക അനുകരിച്ചു. ക്രിസ്തുവിനെ ആഴമായി അറിയുവാൻ ആഗ്രഹിച്ചു. ക്രിസ്തുവിന്റെ ശക്തി രുചിച്ചറിഞ്ഞു. തൽ ഫലമായി അവൻ കർത്താവിൽ എപ്പോഴും സന്തോഷിച്ചു. നമുക്കും ആ നല്ല മാതൃക പിൻചെല്ലാം.

* * *